# പട്ടഞ്ചേരി
# ഗ്രാമ പഞ്ചായത്ത്



## വികസന റിപ്പോർട്ട്




ശ്രീ. പി. എസ്. ശിവദാസ്
വൈസ് പ്രസിഡന്റ്



ശ്രീ. ആർ. സദാനന്ദൻ
സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ



ശ്രീമതി. ഭാഗ്യവതി .സി
പ്രസിഡന്റ്



ശ്രീ. എ. സി. വാസു
മെമ്പർ



ശ്രീമതി. ആമിനക്കുട്ടി
മെമ്പർ

# ആമുഖം

പഞ്ചായത്തിന്റെ പേര് ....................................................പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് (സ്പെഷൽ ഗ്രേഡ്)

ഉൾപ്പെടുന്ന വില്ലേജുകൾ ..............................................പട്ടഞ്ചേരി, തത്തമംഗലം ഭാഗം

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ .................................(1)പട്ടഞ്ചേരി (2)മീനാക്ഷിപുരം ഭാഗികം(4 വാർഡ്)

ബ്ലോക്ക് പഞ്ചായത്ത്.......................................................ചിറ്റൂർ

താലൂക്ക്...........................................................................ചിറ്റൂർ

ജില്ല ...................................................................................പാലക്കാട്

അസംബ്ലി മണ്ഡലം ..........................................................ചിറ്റൂർ

പാർലിമെന്റ് മണ്ഡലം .......................................................പാലക്കാട്

വിസ്തീർണ്ണം ......................................................................30.30 ച.കി.മീ

ജനസംഖ്യ...........................................................................28,800

വാർഡുകളുടെ എണ്ണം .......................................................11

പ്രസിഡണ്ട്..........................................................................ശ്രീമതി.സി.ഭാഗ്യവതി

വൈസ് പ്രസിഡണ്ട്.............................................................ശ്രീ.പി.എസ്.ശിവദാസ്

സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ...................................ശ്രീ.ആർ.സദാനന്ദൻ

21-9-96 ന് പഞ്ചായത്ത് തലത്തിലുള്ള LRP പരിശീലനത്തിനുശേഷം 25-9-96 മുതൽ 2-10-96 വരെ പതിനൊന്നു വാർഡുകളിലും ഗ്രാമ സഭ നടന്നു. 76 മുതൽ 201 വരെ അംഗങ്ങൾ ഗ്രാമസഭകളിൽ സജീവമായി പങ്കെടുത്തു. എല്ലാ ഗ്രാമ സഭകളിലും ഭരണസമിതി അംഗങ്ങൾ പങ്കെടുത്തിരുന്നു. ഉദ്യോഗസ്ഥ പ്രാതിനിധ്യം ഗ്രാമസഭകളിൽ സജീവമായിരുന്നു. ബ്ലോക്ക് പഞ്ചായത്ത് മെമ്പർ, ഗ്രാമ പഞ്ചയത്ത് സെക്രട്ടറി, പഞ്ചായത്ത് സ്റ്റാഫ് എന്നിവർ എല്ലാ ഗ്രാമ സഭകളിലും പങ്കെടുത്തിരുന്നു. 15-10-96 മുതൽ സെക്കന്ററി ഡാറ്റാ കലക്ഷൻ ആരംഭിച്ചു.

പഞ്ചായത്ത് തല രണ്ടാം ഘട്ട പരിശീലനം 2-11.-96 ന് നടന്നു. ഉദ്യോഗസ്ഥന്മാർ കൂടുതലായി പങ്കെടുത്തിരുന്നു. ഒരോ വിഷയത്തിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും , DRPമാരും KRPമാരുടെ സഹായത്തോടെ റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി. 23-11-96ന് വിദഗ്ദരുടേയും, ഉദ്യോഗസ്ഥന്മാരുടേയും ഭരണസമിതി അംഗങ്ങളുടേയും സംയുക്തയോഗം റിപ്പോർട്ടിന് അന്തിമ രൂപം നൽകി, ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു.

കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്നു ഇന്ന് നിലവിലുള്ള പട്ടഞ്ചേരി പെരുമാട്ടി പഞ്ചായത്തുകൾ ചേർന്ന പട്ടഞ്ചേരി പഞ്ചായത്ത്. തിരു-കൊച്ചി സംയോജനത്തിന്നു ശേഷം തിരു-കൊച്ചിയുടെ ഭാഗമായും കേരള പിറവിക്കുശേഷം കേരളത്തിന്റെ ഭാഗമായും മാറി.

ഭട്ടശ്രേണി എന്ന് പേരിൽ അറിയപ്പെട്ടിരുന്ന നമ്പൂതിരി ഇല്ലങ്ങളുടെ കേന്ദ്രമാണ് പിന്നീട് പട്ടഞ്ചേരിയായി മാറിയത് . ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നമ്പൂതിരി ഇല്ലങ്ങൾ നാമാവശേഷമായി. നായർത്തറ, പണ്ടാരത്തറ, ചെട്ടിത്തറ, ആശാരിത്തറ, കൊശവത്തറ, കവറത്തറ എന്നിങ്ങനെ വ്യത്യസ്ഥ സമുദായങ്ങൾക്കായി പ്രത്യേക ആവാസകേന്ദ്രങ്ങൾ ഉണ്ടായിരുന്നു എങ്കിലും ജാതിസ്പർദ്ധ ഉണ്ടായിരുന്നില്ല. കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന പട്ടഞ്ചേരി പഞ്ചായത്തിന് ജുഡീഷ്യറി അധികാരം ഉണ്ടായിരുന്നു. പഞ്ചായത്തിന്റെ ആദ്യകാല പ്രസിഡന്റ് അറിയപ്പെടുന്ന ശ്രീ..ചാത്തപ്പാടം കൃഷ്ണൻ നായർ

ആയിരുന്നു. തുടർന്ന്, ശ്രീ.എ.വി.കൃഷ്ണൻ, ശ്രീ ചാത്തുണ്ണി, ശ്രീ എം. പത്മനാഭമേനോൻ, ശ്രീ.സി.ചിന്നപ്പാറാവുത്തർ എന്നിവർ പ്രസിഡന്റുമാരായി. അക്കാലത്തെ ഭരണ സമിതിയിൽ ഒമ്പത് അംഗങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ഒരാൾ ഗവർമെണ്ട് നോമിനിയും ഒരാൾ ഹരിജൻ നോമിനിയും ആയിരുന്നു. അറിയപ്പെടുന്ന ഹരിജൻ മെമ്പർ പുത്തൻ ചിറവട്ടം കറുപ്പനായിരുന്നു. ഡോക്ടർ എ.ആർ.മേനോൻ, കൊച്ചി മുഖ്യമന്ത്രി ആയിരുന്നപ്പോൾ കൊച്ചി സ്റ്റേറ്റിലെ ആറു പഞ്ചായത്തുകളെ മാതൃകാ പഞ്ചായത്തുകളായി തിരഞ്ഞെടുത്തതിൽ ഒന്ന് പട്ടഞ്ചേരി ആയിരുന്നു. അന്നത്തെ പ്രസിഡന്റ് ശ്രീ. പത്മനാഭമേനോൻ ആയിരുന്നു. മാതൃകാ പഞ്ചായത്ത് എന്ന നിലക്ക് അന്ന് 5000/- (അയ്യായിരം രൂപ) രൂപ ഗ്രാന്റായി പഞ്ചായത്തിന് ലഭിച്ചിരുന്നു.

ആദ്യകാലങ്ങളിൽ നികുതിദായകർക്കോ, സ്ക്കൂൾ ഫൈനൽ പാസ്സായവർക്കോ മാത്രമേ മെമ്പറായി മത്സരിക്കുവാൻ അർഹതയുണ്ടായിരുന്നുള്ളൂ. അന്ന് പഞ്ചായത്തിൽ ഒരു ക്ലാർക്ക് , ഒരു പ്യൂൺ, നാലു സ്വീപ്പർ എന്നീ തസ്തികകൾ നിലവിൽ ഉണ്ടായിരുന്നു. യാതൊരു വിധ നികുതിയും പഞ്ചായത്ത് ഈടാക്കിയിരുന്നില്ല. വ്യക്തിഗതമായ പരാതിക്കുമാത്രം ഒരണയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടിയിരുന്നു. ആദ്യകാല പ്യൂൺ ആയ ചങ്കം വീട്ടിൽ ശ്രീ.മാധവൻ നായർ ഇന്ന് പെൻഷനർ ആണ്.

അനന്ത കൃഷ്ണയ്യർ, കല്യാണ കൃഷ്ണയ്യർ, അമ്പാട്ടു വീട്ടുകാർ, നായർ വീട്ടുകാർ, ചക്കിങ്കൽ, ആഴ്ച്ചിറ, ചോറക്കോട്, വിളക്കനാം കോട് എന്നിങ്ങനെ എണ്ണപ്പെട്ട ജന്മിമാരുടെ കൈവശമായിരുന്നു കൃഷി ഭൂമിയിൽ ഭൂരിഭാഗവും.

പാറക്കൊളമ്പു മുതൽ പതിക്കാട്ടുചള്ള വരെയുള്ള ''മക്കാർവെട്ടി'' പാത മലബാറിൽ നിന്നും വെട്ടിയെടുത്തതിന്റെ പാരിതോഷികമായി ശ്രീ നഞ്ചപ്പയ്യർക്ക് ചേന്തോണി കൃഷി കരമൊഴിവായി കൊടുത്തത് എടുത്തു പറയത്തക്കതാണ്.

## വിദ്യാഭ്യാസം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനകാലത്തു തന്നെ വെള്ളപ്പാട്ടെ വീട്ടിൽ ഒരു പ്രൈമറി സ്ക്കൂൾ പ്രവർത്തിച്ചിരുന്നു. അധ്യാപനം സേവനമായിട്ടാണ് നടത്തിയിരുന്നത്. 1919ൽ പട്ടഞ്ചേരി ഹൈസ്ക്കൂൾ നിലവിലുള്ള സ്ഥലത്ത് സർക്കാർ സ്ക്കൂൾ ആരംഭിച്ചു. പഞ്ചായത്തിൽ വണ്ടിത്താവളം , നന്ദിയോട് എന്നീ സ്ഥലങ്ങളിൽ ഓരോ സ്ക്കൂളുകൾ നിലവിൽവന്നു. പിന്നോക്കകാരിൽ നിന്നും ആദ്യമായി സ്ക്കൂൾ ഫൈനൽ പാസായത് ആഴ്ച്ചിറ വീട്ടിലെ ശ്രീ വേലായുധനാണ്. 1965 ൽ വണ്ടിത്താവളം കെ.കെ.എം ഹൈസ്ക്കൂളിൽ ആദ്യ ബാച്ച് എസ്.എസ്.എൽ.സി. നിലവിൽ വന്നു. ജി.എച്.എസ്. പട്ടഞ്ചേരിയിലേത് 1984 ലും. 1991 വണ്ടിത്താവളം ഹൈസ്ക്കൂൾ ഹയർ സെക്കണ്ടറി സ്ക്കൂൾ ആയി മാറി. പട്ടഞ്ചേരി സ്ക്കൂളിലെ ആദ്യകാല അദ്ധ്യാപകൻ പട്ടമേനോൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന റാവു ബഹദൂർ ശ്രീധരമേനോൻ ആയിരുന്നു. പഞ്ചായത്ത് നേരിട്ട് പല സ്ഥലങ്ങളിലും അത്താണികൾ സ്ഥാപിച്ചിരുന്നു. കന്നിമാരിയിൽ നിന്നും കരിപ്പാലിവരെ റോഡരികിൽ തണ്ണീർ പന്തലുകൾ നിലവിൽ ഉണ്ടായിരുന്നു.

പഴയകാലത്ത് സാധനങ്ങൾ കൊണ്ടുവരുന്നതിനും യാത്രക്കും കാളവണ്ടികൾ മാത്രമാണ് ആശ്രയം. കച്ചവട ആവശ്യങ്ങൾക്കായി തമിഴ്നാട്ടിനെ-പ്രത്യേകിച്ച് പൊള്ളാച്ചി ചന്തയേയാണ് ആശ്രയിച്ചിരുന്നത്. അന്നത്തെ പട്ടഞ്ചേരി പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളും തമിഴ്നാട്ടിന്റെ ചില ഭാഗങ്ങളും ഘോര വനങ്ങൾ ആയതിനാൽ കാട്ടു പാതയിൽ കൂടിയുള്ള യാത്ര അപകടകരമായിരുന്നു. കവർച്ച സാധാരണയായിരുന്നു. വ്യാഴാഴ്ച പുലർച്ചെ പൊള്ളാച്ചി ചന്തയിൽ എത്തുന്നതിന് ബുധനാഴ്ച വൈകുന്നേരം തന്നെ കച്ചവടക്കാർ അവരവരുടെ കാള വണ്ടികളുമായി ഒരു പ്രത്യേക സ്ഥലത്ത് ഒത്തു കൂടാറുണ്ടായിരുന്നു. എല്ലാവരും എത്തിച്ചേർന്നതിനുശേഷം വണ്ടികൾ വരിവരിയായി യാത്ര പുറപ്പെടുമായിരുന്നു. മേൽപ്പറഞ്ഞ യാത്രയിൽ ഇരുനൂറിൽ കൂടുതൽ വണ്ടികൾ ഉണ്ടാകുമായിരുന്നു. ആ കൂട്ടത്തിൽ ചേരുവാൻ പറ്റാതെ വൈകിയെത്തുന്ന കച്ചവടക്കാർ ആ ആഴ്ച ചന്തക്ക് പോവാതെ വീടുകളിലേക്ക് മടങ്ങിപോകുമായിരുന്നു. ഇങ്ങനെ വണ്ടികൾ താവളമടിച്ചിരുന്ന സ്ഥലമാണ് പിന്നീട് വണ്ടിത്താവളമായി അറിയപ്പെട്ടത്.

കാറ് , കുതിരവണ്ടി എന്നീ വാഹനങ്ങൾ ഉപയോഗിച്ചിരുന്നവർ വളരെ കുറവായിരുന്നു. പൊള്ളാച്ചിയിൽ നിന്നും പട്ടഞ്ചേരി, തത്തമംഗലം, പുതുനഗരം വഴി കൊല്ലങ്കോട്ടേക്ക് U.M.S, M.M.S എന്നീ കമ്പനിക്കാർ ആദ്യകാലത്ത് ബസ്സ് സർവ്വീസ് നടത്തിയിരുന്നു. പിന്നീട് വന്ന പൊള്ളാച്ചി- ചിറ്റൂർ P.S.N പൊള്ളാച്ചി-പാലക്കാട്(ചിറ്റൂർ വഴി ) K.M.S എന്നീ ബസ്സുകളുടെ റൂട്ടുകൾ ഇപ്പോഴും നിലവിലുണ്ട്.

കാർഷിക മേഖലയെ മാത്രം ആശ്രയിച്ചു കൊണ്ടുള്ള സാമൂഹ്യ-സാമ്പത്തിക സംവിധാനമാണ് ഇവിടെ നിലവിലുണ്ടായിരുന്നത്. കാർഷികമേഖല അനാകർഷകമായതിനാൽ കർഷകത്തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് ശ്രദ്ധ തിരിച്ചിട്ടുണ്ട്. അതിനാൽ പരമ്പരാഗതമായ കർഷകത്തൊഴിലാളികൾക്ക് ഇന്ന് തൊഴിലില്ലായ്മ ഒരു പ്രശ്നമല്ല. തൊഴിലില്ലായ്മ എന്നുള്ളത് ''വൈറ്റ് കോളർ'' ജോലിക്ക് വേണ്ടിയുള്ള അഭ്യസ്ഥ വിദ്യരുടെ കാത്തിരിപ്പാണ്. കാർഷിക മേഖലയിൽ സ്ത്രീ തൊഴിലാളികൾ അന്നും ഇന്നും ഉണ്ട്. അവരുടെ സേവനവേതന വ്യവസ്ഥകൾ നാൾക്കുനാൾ മെച്ചപ്പെട്ടു വരുന്നുണ്ട്.

കൈവശമുള്ള കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞു വരികയും യന്ത്രവൽക്കരണം ഭീമമായ ചിലവുള്ള കാര്യമായതിനാലും തൊഴിലാളികളുടെ ലഭ്യത അനുദിനം കുറഞ്ഞുകൊണ്ടു വരുന്നതിനാലും കൃഷിച്ചെലവുകൾ കുത്തനെ ഉയർന്നുകൊണ്ടിരിക്കുന്നതിനാലും കാർഷികോൽപ്പന്നങ്ങളുടെ വില അപര്യാപ്തമായതിനാലും ഇന്നത്തെ കർഷകർ വലിയ ഒരു പ്രതിസന്ധി നേരിടുകയാണ്.

കാർഷിക മേഖലയിലുണ്ടായ ഗണ്യമായ മാറ്റങ്ങളുടെ ഫലമായി പണ്ട് ഉണ്ടായിരുന്ന പരിസ്ഥിതി സന്തുലനം നഷ്ടപ്പെട്ടു. അതിന് ഉദാഹരണമാണ് ''കേരള പ്രൈവറ്റ്വന ദേശസാൽക്കരണ '' ബില്ലിനെ തുടർന്നുണ്ടായ വന നശീകരണം. താരതമ്യേന ഉയർന്ന ഭൂവിഭാഗങ്ങളായ കൊച്ചിക്കാട്, കുറ്റിക്കൽച്ചള്ള, പാറക്കാട്ടുചള്ള, ചെട്ടിയാർ ചള്ള എന്നീ പ്രദേശങ്ങൾ വളർത്ത്കാട് എന്ന് അറിയപ്പെട്ടിരുന്ന നിബിഡ വനങ്ങൾ ആയിരുന്നു. അവ ആദ്യം കുറ്റികാടുകളായും കടലക്കാടുകളായും പിന്നീട് തോടുകൾ വെട്ടി ജലസേചനം ചെയ്ത് നെൽപ്പാടങ്ങളായി. ഇപ്പോൾ തെങ്ങിൻതോപ്പുകളും, പാർപ്പിടകേന്ദ്രങ്ങളുമായി രൂപാന്തരപ്പെട്ടുവരികയാണ്. മണ്ണിന്റെ സ്വാഭാവിക ജലസംഭരണശേഷി നഷ്ടപ്പെടുവാനും ജല സ്രോതസ്സുകൾ അപ്രത്യക്ഷമാവാനും ഇത് പ്രധാന പങ്കു വഹിക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ?

## ഭൂപ്രകൃതി

ചിറ്റൂർ താലൂക്ക് ഉൾപ്പെടെയുള്ള പാലക്കാട് ജില്ലയുടെ കിഴക്കും തെക്കും ഭാഗങ്ങൾ പാലക്കാട് ചുരത്തിലാണ് സ്ഥിതിചെയ്യുന്നത്. ചിറ്റൂർ താലൂക്കിന്റെ തെക്കു കിഴക്കായി സ്ഥിതിചെയ്യുന്ന പട്ടഞ്ചേരി പഞ്ചായത്ത് കിഴക്കു പടിഞ്ഞാറായി നീണ്ടു കിടക്കുന്നു. പടിഞ്ഞാറു നിന്നും കിഴക്കോട്ടുപോകുന്തോറും അകലം കുറഞ്ഞു വരുന്നത് ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. കിഴക്കു നിന്നും പടിഞ്ഞാറോട്ട് ഒഴുകുന്ന ചിറ്റൂർ പുഴയുടെ തെക്കു വശത്തായി മിക്കവാറും സമാന്തരമായിട്ടാണ് പട്ടഞ്ചേരി പഞ്ചായത്ത് കിടക്കുന്നത്. അതുകൊണ്ട് തന്നെ കിഴക്കു നിന്നും പടിഞ്ഞാറോട്ടാണ് ഇതിന്റെ പൊതുവായ ചരിവ്. കിഴക്കുനിന്ന് പടിഞ്ഞാറോട്ടാണ് പൊതു ചരിവെങ്കിലും ഈ പഞ്ചായത്തിന്റെ മറ്റൊരു ചരിവ് തെക്കോട്ടാണ്.

പൊതുവായി ഉയർച്ചയും താഴ്ചയും ഇടകലർന്ന ഒരു സമതലമാണ് ഈ പ്രദേശം എന്നാലും താരതമ്യേന ഉയരം കൂടിയ കുന്നുകളും ഇവിടെയുണ്ട്. ഈ പഞ്ചായത്തിന്റെ വടക്കേ അറ്റത്തായി മദ്ധ്യഭാഗത്തുനിന്നും കിഴക്കോട്ടു നീണ്ടു കിടക്കുന്ന ചില പ്രധാനപ്പെട്ട കുന്നുംപ്രദേശങ്ങളാണ് ശ്മശാനമേട്, വണ്ടിത്താവളം മേട്, തെക്കേക്കാട്, പാറക്കാട്ടുചള്ള, തരകൻചള്ള, കന്നിമാരി മേട് എന്നിവ. ഉയർന്ന പ്രദേശങ്ങൾക്കിടയിലായി കാണപ്പെടുന്ന താരതമ്യേന താഴ്ന്ന പ്രദേശങ്ങളാണ് കൂടുതലും. ഈ താഴ്ന്ന പ്രദേശങ്ങളിലൂടെ ഒഴുകുന്ന നീർച്ചാലുകൾ തെക്കോട്ടൊഴുകി ചിറ്റൂർ പുഴക്ക് സമാന്തരമായി പഞ്ചായത്തിന്റെ തെക്കു ഭാഗത്തുള്ള ( കിഴക്കു നിന്നും പടിഞ്ഞാറോട്ടൊഴുകുന്ന ) ഗായത്രി പുഴയിലാണ് ചെന്നു ചേരുന്നത്. ചുരുക്കത്തിൽ ഉയർന്ന പ്രദേശങ്ങളും താഴ്ന്ന പ്രദേശങ്ങളും തമ്മിലുള്ള ഉയര വ്യത്യാസം താരതമ്യേന കുറവാണ്. അതായത്- 20 മുതൽ 25 മീറ്റർ വരെയാണ്.

ഈ പഞ്ചായത്തിന്റെ വടക്കു ഭാഗത്തായി നീണ്ടു കാണപ്പെടുന്ന ഉയർന്ന പ്രദേശങ്ങളുടെ ചരിവുകളിലും ഇടയ്ക്കു കാണപ്പെടുന്ന താഴ്ന്ന പ്രദേശങ്ങളിലും നിന്നുമാണ് പ്രധാനപ്പെട്ട നീരുറവകൾ പുറപ്പെടുന്നത്. ഇവ അകമ്പാടം ചാലുകൾ എന്നാണ് അറിയപ്പെടുന്നത്. പ്രധാനപ്പെട്ട അകമ്പാടം ചാലുകളായ (1) തരകൻചള്ള, കുറ്റിക്കൽചള്ള അകമ്പാടം ചാല്. (2) പാറക്കാട്ട്ചള്ള - കവറത്തോട് അകമ്പാടം ചാല്. (3)വായ്ക്കൽ മട - പാപ്പാംചള്ള - ചോഴിയക്കാട് അകമ്പാടം ചാല്. എന്നിവ പ്രധാനമായും തെക്കോട്ടൊഴുകി ഗായത്രി പുഴയിൽ ചെന്നു ചേരുന്നു. മറ്റു പ്രധാനപ്പെട്ട അകമ്പാടം ചാലുകളായ (1) മാങ്ങോട് - കരിപ്പാലി അകമ്പാടം ചാൽ (2) മൂത്തചെട്ടികൊള്ളുമ്പ് - ആറാംമ്പാടം അകമ്പാടംച്ചാല് എന്നിവ പടിഞ്ഞാറോട്ടൊഴുകി പുതുനഗരം പഞ്ചായത്തിലേക്കും അയ്യംപതി- ആറ്റാഞ്ചേരി അകമ്പാടം ചാല് വടക്കോട്ടൊഴുകി ചിറ്റൂർ പുഴയിലേക്കും പോയിച്ചേരുന്നു.

## കാലാവസ്ഥ

പാലക്കാട്ടു ജില്ലയുടെ ഭാഗമായ ഈ പഞ്ചായത്തിലും ഉഷ്ണമേഖലാ കാലാവസ്ഥയാണ് അനുഭവപ്പെടുന്നതെങ്കിലും പ്രാദേശികമായ ചെറിയ വ്യത്യാസങ്ങൾ ഊഷ്മാവിലും മഴയിലും അനുഭവപ്പെടുന്നുണ്ട്. ചിറ്റൂർ താലൂക്കിൽ തന്നെ സ്ഥിതി ചെയ്യുന്ന എരുത്തിയാംപതിയിലെ കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൽനിന്നും ലഭിച്ച മഴയുടേയും ഊഷ്മാവിന്റേയും, അന്തരീക്ഷ ഈർപ്പത്തിന്റേയും കണക്കുകളാണ് താഴെ ചേർത്തിരിക്കുന്നത്. ചിറ്റൂർ താലൂക്കിന് മൊത്തമായിട്ടുള്ള ഈ കണക്കുകൾ പട്ടഞ്ചേരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും യോജിച്ചതാണെന്ന് പറയാൻ കഴിയുകയില്ല. പ്രത്യേകിച്ചും മഴയുടെ അളവിലും ഊഷ്മാവിന്റെ തോതിലും പ്രകടമായ വിത്യാസങ്ങൾ കാണാൻ കഴിയും .

ഊഷ്മാവിന്റെ കാര്യം മാത്രം പരിശോധിക്കുകയാണെങ്കിൽ ഏറ്റവും കുറഞ്ഞ ഊഷ്മാവ് അനുഭവപ്പെടുന്നു. താരതമ്യേന തണുപ്പു കാലം മിതമായ ഊഷ്മാവു ലഭിക്കുന്ന മിത ഉഷ്ണകാലം, കൂടുതൽ ഊഷ്മാവു അനുഭവപ്പെടുന്ന ഉഷ്ണ കാലം എന്നിങ്ങനെ മൂന്നായി തിരിക്കാം. ഇതിൽ ആദ്യത്തേത് തണുപ്പുകാലം അഥവാ കുറഞ്ഞ ഊഷ്മാവ് അനുഭവ


ANNUAL RAINFALL FOR 1981-92
STATION ERUTHENPATHY CHITTUR
1600
1400
1200
1000
800
600
400
200
0
RAINFALL IN mm
81
82
83
84
85
86
87
88
89
90
91
92
YEARS

പ്പെടുന്ന നവംമ്പർ ഡിസംബർ, ജനവരി,ഫെബ്രവരി എന്നീ മാസങ്ങളിൽ ഊഷ്മാവ് 22°Cനും26°Cനും ഇടയിലാണ്. ജനവരി മാസത്തിലാണ് ഏറ്റവും കുറഞ്ഞ ഊഷ്മാവായ 22°C അനുഭവപ്പെടുന്നത്. മിത ഉഷ്ണക്കാലത്ത് ഊഷ്മാവ് 25°Cനും 28°Cനും ഇടയിലാണ്. ജൂലായ് മുതൽ ഒക്ടോബർ വരേയുള്ള കാലത്താണ് മിതമായ ഊഷ്മാവ് അനുഭവപ്പെടുന്നത്. കാലവർഷത്തിന്റെയും തുലാ വർഷത്തിന്റെയും സ്വാധീനം കൊണ്ടാണ് ഈ മാസങ്ങളിൽ ഊഷ്മാവ് മിതമായി അനുഭവപ്പെടുന്നത്. അത്യുഷ്ണം അനുഭവപ്പെടുന്ന ഉഷ്ണകാലം മാർച്ച് മുതൽ ജൂൺ മാസം വരെയാണ്. ഈ കാലയളവിൽ 28°Cൽ നിന്നും 34°C വരെയും ഉയരാറുണ്ട്. മഴകുറഞ്ഞ വേനൽക്കാലമായതു കൊണ്ടാണ് ഊഷ്മാവ് ഇങ്ങനെ വർദ്ധിച്ചു കാണുന്നത്.

മഴയുടെ കാര്യത്തിൽ താരതമ്യേന ഒരുവിധം നല്ല മഴ അനുഭവപ്പെടുന്ന പ്രദേശമാണിത്. ജൂൺ മാസം മുതൽക്ക് സെപ്തംബർ മദ്ധ്യ ഭാഗം വരെയുള്ള കാലമാണ് മഴക്കാലത്തിന്റെ ആദ്യത്തേയും പ്രധാനപ്പെട്ടതുമായ കാലം. തെക്കു പടിഞ്ഞാറൻ മൺസൂണിലൂടെ നമുക്കു ലഭിക്കുന്ന കാല വർഷം ജൂൺ മാസത്തിൽ തുടങ്ങി ജൂലായ് ഓഗസ്റ്റ് മാസങ്ങളിൽ ശക്തി പ്രാപിക്കുകയും സെപ്തംബറോടുകൂടി കുറയുകയും ചെയ്യുന്നു. ഈ കാലയളവിലാണ് ഏറ്റവും കൂടുതൽ മഴ. അതായത് 120cm മുതൽ 150cm വരെ ലഭിക്കുന്നത്. സെപ്തംബർ മദ്ധ്യഭാഗം മുതൽക്ക് നവമ്പർ മാസം വരെയുള്ള രണ്ടാം മഴക്കാലത്ത് മഴയുടെ അളവ് താരതമ്യേന കുറവാണ്. ഈ സമയത്ത് ലഭിക്കുന്ന മഴയെ തുലാ വർഷം എന്നു വിശേഷിപ്പിക്കുന്നു. ഈ കാലയളവിൽ 60cm മുതൽ 80cm വരെ മഴ ലഭിക്കാറുണ്ട്. ഇവയെ കൂടാതെ ഏപ്രിൽ,മെയ് മാസങ്ങളിൽ കിട്ടാറുള്ള ഇടമഴകളും അപൂർവ്വമായി കിട്ടുന്ന ഡിസംബർ മാസത്തിലെ ചെറിയ മഴകളും ഇവിടെ ലഭിക്കാറുണ്ട്. അങ്ങിനെ ഒരു വർഷത്തിൽ മൊത്തം ലഭിക്കുന്ന മഴ 200 cmനും 220cmനും ഇടയിലാണ്. അപൂർവ്വം ചില വർഷങ്ങളിൽ മൊത്തം മഴയുടെ അളവ് 200 cmൽ കുറയാറുണ്ട്. ഉദാഹരണത്തിന് 1989 ലെ വരൾച്ച ബാധിത വർഷത്തിൽ മഴയുടെ അളവ് 200cmലും കുറവാണ്.

## മണ്ണ്

പട്ടഞ്ചേരി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഭൂരിഭാഗവും കളിമൺ കലർന്ന ''ലോമി'' മണ്ണാണ് കാണപ്പെടുന്നത്. ഈ പഞ്ചായത്തിന്റെ ഉയരം കൂടിയ ഭാഗങ്ങളിൽ തരിമൺ കലർന്ന ചെമ്മണ്ണും താരതമ്യേന താഴ്ന്ന സമതലങ്ങളിൽ കളിമണ്ണും അതിന്റെ വിവിധ രൂപങ്ങളുമാണ് കാണപ്പെടുന്നത്. അവയിൽ ഫല പൂയിഷ്ടിയുള്ള മണലിന്റെ അംശം കൂടുതലുള്ള ലോമി സോയിലാണ് പ്രധാന ഇനം. പരുത്തി കൃഷിക്ക് അനുയോജ്യമായ തനി കളിമൺ വളരെ കുറച്ചു സ്ഥലത്തു മാത്രമേ കാണുന്നുള്ളൂ. പട്ടഞ്ചേരി പഞ്ചായത്തിന്റെ മദ്ധ്യ തെക്കുഭാഗത്താണ് കളിമൺ ഭൂമി കാണപ്പെടുന്നത്. ഉയരം കൂടിയ വടക്കേ നീണ്ട ഭൂഭാഗത്ത് പുറംതള്ളി നിൽക്കുന്ന പാറകളുടെ ചുരമായിട്ടാണ് ചെമ്മൺ ഭൂവിഭാഗം കാണപ്പെടുന്നത്. താരതമ്യേന ഉയർന്നതും പറമ്പുകളും കുടിയിരുപ്പുകളും ആയികാണുന്ന ഭൂ വിഭാഗത്തിൽ മണലിന്റെ അംശം കൂടുതലുള്ള ലോമി സോയിലും താഴ്ന്ന നെൽപ്പാടങ്ങളിൽ കരിമൺ കലർന്ന ലോമി സോയിലും ആണ് കാണുന്നത്. നെൽ കൃഷിക്കും കരിമ്പു കൃഷിക്കും അനുയോജ്യമായ ലോമി സോയിൽ കൂടുതൽ സ്ഥലങ്ങളിൽ കാണപ്പെടുന്നത് ഈ പഞ്ചായത്തിന്റെ അനുഗ്രഹമാണ്.

## ഭൂ വിനിയോഗം

കേരളത്തിലെ മറ്റു പഞ്ചായത്തുകളിലെ പോലെ ത്തന്നെ പട്ടഞ്ചേരി പഞ്ചായത്തിലും വിവിധ തരത്തിലുള്ള ഭൂവിനിയോഗങ്ങൾ കാണപ്പെടുന്നു. പ്രധാനപ്പെട്ട ഭൂവിനിയോഗതരങ്ങൾ കൃഷിഫലങ്ങൾ കൃഷിയോഗ്യമായ തരിശ് , കൃഷിയോഗ്യമല്ലാത്ത തരിശ് , പാർപ്പിട സ്ഥലങ്ങൾ , പുറമ്പോക്ക് സ്ഥലങ്ങൾ എന്നിവയാണ്. ഇവയിൽ കൃഷിസ്ഥലങ്ങളാണ് ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത്. അതായത് ആകെയുള്ള 3036 ഹെക്ടറിൽ 1770 ഹെക്ടറും കൃഷി സ്ഥലങ്ങളാണ്. ഏകദേശം 60 ശതമാനത്തോളം വരുന്ന ഭൂവിഭാഗം പല തരത്തിലുള്ള കാർഷിക ആവശ്യത്തിന്നാണ് ഉപയോഗിക്കുന്നത്. ഇതിൽ തന്നെ നെൽകൃഷി സ്ഥലങ്ങളാണ് പ്രധാനമായും കാർഷിക ഭൂവിനിയോഗത്തിൽ വരുന്നത്. രണ്ടാമത്തെ ഇനമായ പാർപ്പിട സ്ഥലങ്ങളും പുറംമ്പോക്ക് സ്ഥലങ്ങളും കൂടി 715 ഹെക്ടർ ആണ്. ഇത് ആകെ വിസ്തീർണ്ണത്തിന്റെ 24 ശതമാനമാണ്. മൂന്നാമത്തേത് കൃഷിയോഗ്യമല്ലാത്ത തരിശു ഭൂമിയാണ്. ഇത് ആകെ 290 ഹെക്ടർ സ്ഥലത്തായി പഞ്ചായത്തിന്റെ പല ഭാഗങ്ങളിൽ പ്രത്യേകിച്ചും വടക്കു ഭാഗത്തായി കാണപ്പെടുന്നു. ഉയർന്ന പാറകളുള്ള സ്ഥലങ്ങളാണ് ഇവയിൽ പ്രധാനപ്പെട്ടവ. നാലാമത്തേതായ കൃഷിയോഗ്യമായ തരിശാണ് മറ്റൊന്ന്. അതായത് 256 ഹെക്ടർ ഭൂമിയാണ് ഈ ഇനത്തിൽ വരുന്നത്. കൃഷിക്ക് ഉപയോഗിക്കുവാൻ പറ്റുമെങ്കിലും മറ്റു കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നവയാണ് ഇവ. പ്രധാനമായും കുളങ്ങളാണ് ഈ ഇനത്തിൽപ്പെടുന്നത്.

ചുരുക്കത്തിൽ കാർഷിക ആവശ്യങ്ങൾക്കുള്ള ഭൂ വിനിയോഗത്തിനാണ് മുൻതൂക്കം ലഭിച്ചിട്ടുള്ളത്. അതായത് നെൽകൃഷി ചെയ്യുന്ന കൃഷി സ്ഥലങ്ങൾ കൂടുതലുള്ള ഒരു നല്ല കാർഷിക ഗ്രാമമാണത്.

1991 ലെ സെൻസസ്സ് പ്രകാരം ജനസംഖ്യ 23,505 ആയിരുന്നത് 1996ൽ 28,800 ആയി വർദ്ധിച്ചിട്ടുണ്ട്. അത് കേരളത്തിന്റെ ശരാശരി ജനസംഖ്യാ വർദ്ധനവിനേക്കാൾ കൂടുതലാണ്.

# വികസന മേഖലകൾ


| | | |
|---|---|---|
| 1. | കൃഷിയും ജലസേചനവും | 07 |
| 2. | മൃഗ പരിപാലനം, മത്സ്യ മേഖല | 12 |
| 3. | വിദ്യാഭ്യാസം | 16 |
| 4. | ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം | 18 |
| 5. | വ്യവസായം | 20 |
| 6. | റോഡുകൾ, ഊർജ്ജം, മാർക്കറ്റ് | 21 |
| 7. | ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ | 26 |
| 8. | സംസ്കാരം | 28 |
| 9. | വനിതാക്ഷേമം | 31 |
| 10. | സഹകരണം | 33 |
| 11. | പട്ടിക വിഭാഗം | 34 |
| 12. | വിഭവ സമാഹരണം | 36 |
| | ഉപസംഹാരം | 37 |

# 1 കൃഷി ജലസേചനം

പഞ്ചായത്തിന്റെ നെൽപ്പാടങ്ങളിൽ മൂന്നിൽ രണ്ടു ഭാഗം അകംപാടവും, മൂന്നിൽ ഒരു ഭാഗം പൊറ്റ കണ്ടങ്ങളുമാണ്. അകം പാടങ്ങളെല്ലാം ഇരുപ്പൂ നിലങ്ങൾ ആണ്. 1965 വരെ പൊറ്റകണ്ടങ്ങളിൽ ഒരു വിളയേ കൃഷി യിറക്കിയിരുന്നുള്ളൂ. ഇപ്പോൾ പൊറ്റകണ്ടങ്ങളും ഇരപ്പൂ നിലങ്ങൾ ആണ്. 1965 ന് ശേഷം മൂലത്തറ ഇറിഗേഷൻ കനാലിന്റെ നവീകരണത്തിന്റെ ഭാഗമായി പൊറ്റ കണ്ടങ്ങൾക്കു മുകളിൽ തോടുകൾ വെട്ടിയതു മൂലമാണ് ഇത് സാദ്ധ്യമായത്. പൊറ്റകണ്ടങ്ങൾ ഒരുപ്പൂ നിലങ്ങളായി രുന്നപ്പോൾ കടല, മുതിര,പയർ,ചോളം എന്നിവ കൃഷി ചെയ്തിരുന്നു. ഇരുപ്പൂ നിലങ്ങൾ ആയപ്പോൾ മേൽ പ്പറഞ്ഞ കൃഷികൾ നാമമാത്രമായിത്തീർന്നു. കുറ്റിക്കൽ ചള്ള, പൊറയത്ത്ചള്ള, കവറത്തോട്,തൊട്ടിച്ചിപ്പതി എന്നീ പ്രദേശങ്ങളിലെ അകം പാടങ്ങളിൽ ഭൂരിഭാഗവും പൂന്തൽ പാടങ്ങൾ ആണ്.

പത്തൊമ്പതാം നൂറ്റാണ്ടിൽ അങ്കരാത്ത്, കാവിൽ ക്കളം തുടങ്ങിയ ജന്മിമാർ കൂട്ടായി മൂലത്തറ കല്ലണ കെട്ടിയുണ്ടാക്കി. 1930 ൽ കൊച്ചി രാജാവ് അത് ഏറ്റെടുത്ത് രൂപഭേദം വരുത്തി. 1965 ന് ശേഷമാണ് ഇന്നത്തെ നിലയിലുള്ളമൂലത്തറ റെഗുലേറ്റർ നിർമ്മിച്ചത്. ഇന്ന് പട്ടഞ്ചേരി പഞ്ചായത്തിലെ എല്ലാ ഭാഗത്തേക്കും ജലസേചനം നടത്തുന്നത് മൂലത്തറ കനാൽ സിസ്റ്റത്തിലൂടെയാണ്.

ആകെയുള്ള കൃഷിസ്ഥലങ്ങളിൽ 80% നെൽകൃഷി ചെയ്യുന്നു. ബാക്കി 20% തെങ്ങ്,വാഴ,കരിമ്പ്,പച്ചക്കറി, ഇഞ്ചി , സോയാബീൻ മുതലായവ കൃഷി ചെയ്യുന്നു.

**കാർഷിക ചരിത്രം**

ഇരുപത്തിയഞ്ചു വർഷങ്ങൾക്കു മുൻപ് കൃഷി ചെയ്തിരുന്ന വിത്തിനങ്ങളാണ് മട്ടച്ചമ്പാൻ, ചെറു മണിയൻ, പൂച്ചമ്പാൻ, ശന്നിനായകം ,നവര,കഴമ മുതലായവ. ഉൽപ്പാദനശേഷി കുറവായിരുന്നാലും പ്രതിരോധശേഷി കൂടിയ ഈ വിത്തിനങ്ങൾക്ക് ജൈവ വളങ്ങൾ മാത്രമേ ഉപയോഗിച്ചിരുന്നുള്ളൂ. സാധാരണയായി ഒന്നാം വിള പൊടി വിതയും രണ്ടാം വിള നടീലും ആയാണ് നടത്തിയിരുന്നത്. പ്രത്യേകം ചില സ്ഥലങ്ങളിൽ മൂന്നാം വിളയായി പുഞ്ച കൃഷി ചെയ്തു വന്നിരുന്നു. നിലം ഉഴുന്നതിന് കന്നുകാലികളെ ഉപയോഗിച്ചിരുന്നു. കർഷക തൊഴിലാളികൾക്ക് താമസ സൗകര്യത്തിനുള്ള കുടിലുകൾ നിർമ്മിച്ചു കൊടുത്തിരുന്നത് കൃഷിക്കാർ ആയിരുന്നു. ഓണം, വിഷു എന്നീ മാമൂലകൾ നൽകി തൊഴിലാളികളെ സ്ഥിരപ്പെടുത്തി നിറുത്തിയിരുന്നു. കൂലി കുറവായിരുന്നു എങ്കിലും വിവാഹം, മരണം, പുരമേയൽ , ചികിത്സാ എന്നീ സാമൂഹ്യ ബാധ്യതകൾ ഏറ്റെടുത്ത് നടത്തിയിരുന്നത് കർഷകർതന്നെ ആയിരുന്നതിനാൽ കർഷകരും കർഷക തൊഴിലാളികളും വളരെ രമ്യതയിലാണ് കഴിഞ്ഞിരുന്നത്. കൃഷി സംരക്ഷണത്തിനു വേണ്ടി കാവൽച്ചാളകൾ കൃഷി യിടങ്ങളിൽ ഉണ്ടാക്കി തൊഴിലാളികൾ തന്നെ ആയതിൽ കാവൽ കിടക്കുക പതിവായിരുന്നു.

ചില പൊറ്റകണ്ടങ്ങളിൽ വൃശ്ചികം,ധനു മാസ ങ്ങളിൽ തേക്കുകൊട്ടകൾ ഉപയോഗിച്ച് കുളങ്ങളിൽ നിന്നും വെള്ളം തേകി നനച്ചും കൃഷി സംരക്ഷിച്ചിരുന്നു. വിഷു തലേന്നാൾ കർഷക തൊഴിലാളികൾക്ക് തേങ്ങ,നെല്ല്, പുളിയവര, ചക്ക,മാങ്ങ,വെള്ളരിക്ക,ഉപ്പ് എന്നിവ ഉൾപ്പെട്ടിരിക്കുന്ന വിഷു അളവ് നൽകിയിരുന്നു. വിഷുകണിക്കു ശേഷം ചാലിടൽ നടത്തിയിരുന്നു. തൊഴിലാളികളുടെ സാന്നിദ്ധ്യത്തിൽ ഭൂമിയെ വന്ദിച്ച് വിളയിറക്കൽ ആരംഭിക്കുന്ന ചടങ്ങാണ് ഇത്. തുടർന്ന് വരുന്ന അശ്വതി, ഭരണി,കാർത്തിക എന്നീ ഞാറ്റു വേലകളിൽ അനുയോജ്യമായികിട്ടുന്ന മഴയ്ക്ക് വിത്തു വിതയ്ക്കുന്നു. ''കാർത്തിക പ്പട്ട് കനക പട്ട്'' എന്നൊരു ചൊല്ല് നിലവിലുണ്ട്. ചിങ്ങ മാസത്തിൽ പുത്തരിയൂണിന്ന് മുൻപ് ''ഇല്ലം നിറ വല്ലം നിറ'' എന്നീ ആർപ്പു വിളികളോടെ നിറ പൂജ കഴിക്കുന്നു. സാധാരണയായി ചിങ്ങ മാസത്തിലെ ഉത്രാട നാളിലാണ് പുത്തരിയൂണ് നടത്താറുള്ളത്. പുത്തരിയൂണ് ഒരു ആഘോഷമാണ് . പുതിയ നെല്ല് കുത്തി അവിലാക്കി പഴം,തേൻ,തേങ്ങ,ശർക്കര,ഏലക്ക എന്നിവ ചേർത്ത് കുഴച്ച് കർഷകനും കർഷകതൊഴിലാളികളും നില വിളക്കിനു മുൻപിൽ നിരന്നിരുന്ന് നെടുംതിരി കത്തുന്ന സമയത്ത് അവിൽ കഴിക്കുന്നു. ആ സമയത്ത് പച്ചരിയും തുളസിയും ചേർത്ത് ''ചെമ്മോരി, ചെമ്മോരി'' എന്നു പറഞ്ഞ് തലയിൽ ഇടുന്നു. അതിനുശേഷം വിഭവ സമൃദ്ധമായ ഊണ് കഴിക്കുന്നു.

ഒന്നാം വിള കൊയ്തെടുക്കുന്നതിനു മുൻപ് ഞാറ്റു പൊറ്റകൾ പാകമാക്കി രണ്ടാം വിളയ്ക്കുള്ള ഞാറ് പാകിയിരുന്നു. കൊയ്ത്തു കാലങ്ങളിൽ പുരുഷ തൊഴിലാളികൾ പുലർച്ചെ കൊയ്ത കണ്ടങ്ങൾ ഉഴുത് പാകപ്പെടുത്തുന്നു. സ്ത്രീ തൊഴിലാളികൾ പുലർച്ചെ ഞാറു പറിച്ച് ഉഴുത കണ്ടം നടുന്നു. അതിനു ശേഷമാണ് അന്നത്തെ കൊയ്ത്തിന് ഇറങ്ങുന്നത്. ഉച്ചക്കു ശേഷം ചുരുട്ട് കടത്തി തല്ലി വൈകുന്നേരം പതമ്പ് അളക്കുന്നത്. കൊയ്ത്ത് കാലത്ത് കള്ളു കുടി എന്ന ഓവർ ടൈം വേതനം കൊടുത്തു കൊണ്ടാണ് കന്നു പൂട്ടലും നടീലും നടത്തിയിരുന്നത്. കൊയ്ത്തിന്റെ അവസാന ദിവസം മൂന്ന് ചുരുട്ട് സന്ധ്യയോടെ അരിഞ്ഞെടുത്ത് എല്ലാ തൊഴിലാളികളുടേയും സാന്നിദ്ധ്യത്തിൽ കറ്റകളത്തിന്റെ തെക്കു കിഴക്ക് മൂലയിൽ വെച്ച് ആർപ്പ് വിളി നടത്തുന്നു. കുറച്ചു കതിർ മാറ്റി വെച്ച് വൃശ്ചിക മാസത്തിലെ കതിർ ഉൽസവത്തിന് കതിർ കൂട് കെട്ടുവാൻ ഉപയോഗിക്കുന്നു.

ബാക്കിയുള്ള നെല്ല് വിറ്റ് തൊഴിലാളികൾ കള്ളു കുടിക്കുന്നു. കന്നി മാസത്തിലെ രണ്ടാം വിളയുടെ നടീൽ അവസാനിക്കുന്നതിന്റെ ഭാഗമായി "വല്ലം നടീൽ" എന്ന ചടങ്ങ് നടത്തുന്നു. കണ്ടത്തിന്റെ തെക്കു കിഴക്ക് മൂലയിൽ പൂക്കളത്തിന്റെ രൂപത്തിൽ ഞാറ് നടുന്നു. ഈർക്കലിൽ കോർത്ത പൂക്കൾ ഉപയോഗിച്ച് വല്ലം അലങ്കരിക്കുന്നു. ഇതിനുശേഷം സ്ത്രീകൾ രണ്ടു കണ്ടങ്ങളിലായി ചേരി തിരിഞ്ഞു നിന്ന് ചളിവെള്ളം തേകി നനയ്ക്കാറുണ്ട്. "ചേറും വെള്ളം കൊടുക്കുക" എന്ന ചടങ്ങാണിത്.

വൃശ്ചിക മാസത്തിലെ അവസാനത്തെ ഞായറാഴ്ചയാണ് കതിർ ഉത്സവം കൊണ്ടാടുന്നത്. കർഷക തൊഴിലാളികൾ കതിർകൂട് ശരവടം എന്നിവയുടെ എഴുന്നള്ളത്തോടെ പട്ടഞ്ചേരി നെല്ലിക്കുളങ്ങര ഭഗവതി ക്ഷേത്രത്തിൽ വൈകുന്നേരം എത്തുന്നു. കതിർകൂട് ക്ഷേത്രത്തിൽ സമർപ്പിച്ച ശേഷം അതിൽനിന്ന് ഒന്നെടുത്ത് കൊണ്ടുപോയി കളങ്ങളുടെ വലതു മൂലയിൽ കെട്ടുന്നു. കതിർ കഴിഞ്ഞ അടുത്ത ദിവസം കതിർ ചന്ത വാണിഭം നടക്കുന്നു. ആദ്യകാലങ്ങളിൽ ഈ ചന്തകളിൽ നിന്നാണ് ഒരു വർഷത്തേക്കുള്ള അലങ്കാര വസ്തുകൾ തൊഴിലാളികൾ വാങ്ങിയിരുന്നത്.

കർഷക ഭവനങ്ങളിൽ ധാരാളം കന്നുകാലികളെ വളർത്തിയിരുന്നു. കന്നിമാസത്തിലെ ആയില്യം-മകം എന്നീ നാളുകളിൽ അരിക്കുറിയും മഞ്ഞൾ ക്കുറിയും ഇട്ട് കന്നുകാലികളെ ആദരിച്ചിരുന്നു. 1958 ലെ ഭൂ പരിഷ്കരണ ഭേദഗതി നിയമങ്ങളെ തുടർന്ന് കാർഷിക മേഖലയിൽ കാര്യമായ മാറ്റങ്ങൾ ഉണ്ടായി. അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ , രാസവളപ്രയോഗം , ട്രാക്ടർ, ട്രില്ലർ മുതലായവയുടെ ഉപയോഗം, കീടനാശിനി പ്രയോഗം എന്നിവ ഈ കാലഘട്ടത്തിൽ നിലവിൽ വന്നു. ഇതിന്റെയെല്ലാം ഫലമായി പത്ത് പന്ത്രണ്ട് മേനി വിളവ്, ഇരുപത്- ഇരുപത്തിയഞ്ച് മേനി വിളവായി ഉയർന്നു. ഇതിനോടനുബന്ധിച്ച് കർഷകതൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും കൂലി വർദ്ധന ഉണ്ടാവുകയും ചെയ്തു.

ഈ പഞ്ചായത്തിലെ മുഖ്യ വിള നെല്ലു തന്നെയാണ്. നെൽപ്പാടങ്ങളുടെ വരമ്പുകളിലെ തെങ്ങുകളാണ് തെങ്ങു കൃഷിയുടെ ഭൂരിഭാഗവും. തെങ്ങുമാത്രം കൃഷി ചെയ്യുന്ന തോട്ടങ്ങളും ഉണ്ട്. തോട്ട കൃഷിയായി വാഴ,നെല്ലി,പേര,മാവ് എന്നിവ ചെയ്തു വരുന്നു. വാണിജ്യാടിസ്ഥാനത്തിൽ മുഖ്യ പങ്ക് നെല്ലിനും തെങ്ങിനും ആണ്. ഇഞ്ചി കൃഷിക്കും പ്രചാരം സിദ്ധിച്ചു വരുന്നുണ്ട്. പച്ചക്കറി കൃഷി ചെറിയ തോതിൽ ഉണ്ട്. നിലക്കടല,ചോളം,മുതലായ കൃഷി കുറഞ്ഞു വരുന്നു. രാസവള പ്രയോഗം ആരംഭിച്ച കാലത്ത് ഉൽപ്പാദന ക്ഷമത കൂടി. അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ഘടനയ്ക്ക് മാറ്റം വരുത്തി. ഇത് ഉൽപ്പാദന ക്ഷമത കുറയുന്നതിന് കാരണമായി. വരമ്പുകളിൽ തെങ്ങ് കൃഷി വ്യാപിച്ചതോടെ നെല്ലിന്റെ ഉൽപ്പാദന ക്ഷമതക്ക് കാര്യമായ കുറവ് വന്നിട്ടുണ്ട്. വരമ്പിലെ തെങ്ങ് കൃഷിക്ക് തോട്ടം കൃഷിയേക്കാൾ ഉൽപ്പാദനം കുറവാണ്.

പഞ്ചായത്തിന്റെ പ്രധാന ജലസ്രോതസ്സ് മൂലത്തറ ഇറിഗേഷൻ റഗുലേറ്ററിൽ നിന്നും വരുന്ന വെള്ളം മാത്രമാണ്. കുളങ്ങൾ ധാരാളം ഉണ്ടെങ്കിലും ജലവിതാനം കുറവാണ്. മഴയെ ആശ്രയിച്ചുമാത്രം കുളങ്ങൾ നിറയുന്നില്ല.

| | ഹെക്ടർ | ഉൽപ്പാദനം | ക്ഷമത |
|---|---|---|---|
| നെല്ല്<br>ഒന്നാം വിള<br>രണ്ടാം വിള | <br>1770<br>1770 | <br>6637MT<br>5752 | <br>3750 |
| തെങ്ങ് | 320 | 2,80,000 | 875 |
| പയർ | 35 | 21MT | 600Kg. |
| പച്ചക്കറി | 35 | 45MT | 1.3Kg. |
| ഇഞ്ചി | 20 | 150MT | 7.5 |
| വാഴ | 20 | 400MT | |
| നിലക്കടല | 20 | 30MT | 1500Kg. |
| മരച്ചീനി | 16 | 480 | 307 |
| മാവ് | 20 | | |
| കരിമ്പ് | 8 | 200 | 25.7 |
| സോയാബീൻ | 547 | 6.25 | 1.257 |
| കവുങ്ങ് | 347 | | |

ഏതാണ്ട് എല്ലാ പുരയിടങ്ങളിലും മാവ് കണ്ടു വരുന്നു. മറ്റു തോട്ട വിളകളുടെ ഇടയിലായി കവുങ്ങ് കൃഷി ചെയ്തു വരുന്നു.

കാർഷിക ആവശ്യത്തിനു വേണ്ടി ജലസേചനം നടത്തുന്നത് മൂലത്തറ റഗുലേറ്ററിൽ നിന്നാണെന്ന് സൂചിപ്പിച്ചുവല്ലോ. ഇറിഗേഷൻ കനാലിൽ നിന്നും പൊറ്റകളിലേക്കും കുളങ്ങളിലേക്കും നേരിട്ട് വെള്ളം തുറന്നു വിടുന്നു. അവിടെ നിന്ന് അകം പാടത്തിൽക്കൂടി അകംപാടം ചാലിൽ എത്തുന്നു. മഴക്കാലങ്ങളിൽ അകം പാടം ചാൽ കരകവിഞ്ഞ് പ്രളയം ഉണ്ടാകാറുണ്ട്. ഇറിഗേഷൻ കനാലിൽ നീരൊഴുക്ക് ഉള്ള സമയത്ത് അകം പാടം ചാലിൽ നീരൊഴുക്ക് കൂടാറുണ്ട്. ഇറിഗേഷൻ കനാലിലെ വെള്ളം നിന്നാൽ ഒരാഴ്ചയ്ക്കകം അകം പാടം ചാലിൽ നിരൊഴുക്ക് നിൽക്കാറുണ്ട്. ഇവിടത്തെ നെൽപ്പാടങ്ങളെ സംരക്ഷിക്കാൻ ക്രമം തെറ്റാതെയുള്ള ഇറിഗേഷൻ സിസ്റ്റത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. ജല വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ അകംപാടം ചാലിൽ ചെറിയ തോതിലുള്ള തടയണകൾ ഫലപ്രദമാണ്. ക്രമം തെറ്റിയുള്ള ജലസേചനം പഞ്ചായത്തിലെ കൃഷിരീതിയെ സാരമായി ബാധിച്ചിട്ടുണ്ട്. മഴക്കാലങ്ങളിൽ ധാരാളം വെള്ളം കനാലിൽ തുറന്നു വിടുകയും അല്ലാത്ത കാലങ്ങളിൽ ആവശ്യാനുസരണം വെള്ളം ലഭ്യമാകാതെയാകുന്നു.

## പൊതുപ്രശ്നവും സാദ്ധ്യതകളും

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| 1. തൊഴിലാളികളുടെ അഭാവം മൂലം യഥാസമയം കൃഷിപ്പണി നടക്കുന്നില്ല. | 1. കാർഷിക പ്രവർത്തനങ്ങൾ യന്ത്രവൽക്കരിക്കേണ്ടതാണ്. |
| 2. കാർഷിക ചെലവ് ക്രമാതീതമായ വർദ്ധിച്ചിരിക്കുന്നു. | 2. വിത്ത്,വളം,യന്ത്രങ്ങൾ,വൈദ്യുതി എന്നിവയുടെ സബ്സിഡി കൂട്ടേണ്ടതാണ്. |
| 3. മൂലത്തറ ഇറിഗേഷൻ കനാലിൽ കൃഷിക്കാർക്ക് ആവശ്യമുള്ളപ്പോൾ ജലം ലഭിക്കുന്നില്ല. | 3. മൂലത്തറ കനാലിലെ ജല വിതരണ സംവിധാനം കാര്യക്ഷമമാക്കണം. ജല വിതരണ റജിസ്റ്റർ സമ്പ്രദായം പുനഃ സ്ഥാപിക്കണം |
| 4. കുളങ്ങളുടെ സംഭരണശേഷി കുറഞ്ഞു വരുന്നു. | 4. കളങ്ങളുടെ ആഴംകൂട്ടി ബണ്ടുകെട്ടണം. |
| 5. അകംപാടം ചാലിൽ മഴക്കാലത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നു. | 5. ചാലിന്റെ വലിപ്പം കൂട്ടണം. |
| 6.വിളവെടുപ്പുകാലങ്ങളിൽ നെല്ലിന്റെയും തേങ്ങയുടേയും വില താഴുന്നു. | 6. സഹകരണാടിസ്ഥാനത്തിൽ കാർഷികോൽപ്പാദനങ്ങളെ സംഭരിക്കുവാൻ സംവിധാനം ഉണ്ടാക്കണം |
| 7. രോഗങ്ങളെ തിരിച്ചറിഞ്ഞ് കീടനാശിനി പ്രയോഗം നടത്തുന്ന കർഷകർ കുറവാണ്. | 7. കർഷകർക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. കീടങ്ങളെ തിരിച്ചറിയുന്നതിനുള്ള ''ലൈറ്റ് ട്രാപ്പ് '' പോലുള്ള സംവിധാനങ്ങൾ വ്യാപകമാക്കുക. |
| 8. അത്യുൽപ്പാദന ശേഷിയുള്ള മികച്ചയിനം വിത്തുകൾക്ക് ദൗർലഭ്യം നേരിടുന്നു. | 8. വിളവിറക്കുന്നതിനു മുൻപ് അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ കൃഷി ഭവനുകളിൽ കൂടി ലഭ്യമാക്കണം. വിത്തുൽപ്പാദനത്തിന് കർഷകർക്ക് പ്രത്യേക പരിശീലനം കൊടുക്കണം |
| 9. നിലവിലുള്ള ഞാറ്റടി സമ്പ്രദായത്തിൽ കൃഷിക്കാർക്ക് ആവശ്യമുള്ള ഞാറ് ലഭ്യമാകുന്നില്ല. | 9. എല്ലാ കൃഷിക്കാർക്കും ആവശ്യമുള്ള ഞാറ് തയ്യാറാക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം |



| | പ്രശ്നം | സാദ്ധ്യതകൾ |
|---|---|---|
| Ward-I | 1.തരകൻ ചള്ളയിലും അമ്പാട്ടുചള്ളയിലും ഉള്ള അകംപാടം ചാലുകളിൽ നീരൊഴുക്കിന് തടസ്സം നേരിടുന്നു. | 1.അകംപാടം ചാലിലെ കുറ്റച്ചെടികൾ വെട്ടി മാറ്റി നീരൊഴുക്ക് സുഗമമാക്കുന്നു. |
| | 2.തരകൻചള്ള അകംപാടം ചാല, കന്നിമാരിയിൽ മീങ്കര കനാൽ, കൊച്ചിക്കാട്ടിൽ അകംപാടം എന്നീ പ്രദേശങ്ങളിൽ കാർഷിക ഉപ കരണങ്ങളും വിഭവങ്ങളും കടത്തുന്നതിന് ബദ്ധിമുട്ട് അനുഭവപ്പെടുന്നു. | 2.മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ നടപ്പാലങ്ങൾ കെട്ടുക. |
| | 3.കന്നിമാരിയിൽ 5859 ഓവിൽ നിന്നും പോകുന്ന ചാലിന്റ ബണ്ട് കേടു വന്നിരിക്കുന്നു. | 3.സൈഡ് കെട്ടി നന്നാക്കുക. |
| Ward-II | 1.വാർഡിലെ 28 കുളങ്ങളിൽ 20 എണ്ണവും വരളാത്തവയാണ്. എന്നാൽ ജല സംഭരണ ശേഷി കുറഞ്ഞു വരുന്നു. | 1. കുളങ്ങൾ തോണ്ടി വൃത്തിയാക്കേണ്ടതാണ്. |
| Ward-III | 1.തെക്കേക്കാട്, അയ്യൻ വീട്ടുചള്ള, മേപ്പാടം, ഇടയൻ കുളമ്പ്, പുളിങ്കാവ്,ചോഴിയക്കാട്, ചുള്ളിമട എന്നീ സ്ഥലങ്ങളിൽ കൂടി ഒഴുകുന്ന അകംപാടം ചാൽ ഇരുകരകളും പൊട്ടി വെള്ളം കയറി കൃഷി നശിക്കുന്നു. | 1.ഇരുകരകളും കരങ്കൽ കൊണ്ട് വെള്ളം കൃഷിക്ക് ഉപയുക്തമാക്കണം. ആവശ്യമുള്ള ഭാഗങ്ങളിൽ ചീർപ്പുകൾ നിർമ്മിക്കണം. |
| | 2.വാർഡിലെ കുളങ്ങളുടെ സംഭരണ ശേഷി കുറഞ്ഞു വരുന്നു. | 2.മണ്ണെടുത്ത് ആഴം കൂട്ടണം |
| | 3.ഇടയം കുളമ്പ് ഭാഗത്ത് ജലസേചന സൗകര്യം കുറവാണ്. | 3.നൂറാം നമ്പർ ഓവിൽ നിന്നും 150 മീറ്റർ കനാൽ നീട്ടേണ്ടതാണ്. |
| Ward-IV | 1.മുട്ടുചിറ മുതൽ വട്ടചിറ വരെയുള്ള അകംപാടം ചാൽ കരകവിഞ്ഞ് ഒഴുകുന്നു. | 1. അകംപാടം ചാലിന്റെ ഇരു ഭാഗങ്ങളും കെട്ടി ഉയർത്തേണ്ടതാണ്. |
| | 2. അണക്കാട്, തെങ്ങോട് ഭാഗത്ത് നെൽകൃഷി ഉണക്കം പതിവാണ്. | 2. അകംപാടം ചാലിൽ തടയണ നിർമ്മിക്കണം. |
| | 3.തെങ്ങോട് ബ്രാഞ്ച് മണ്ണ് മൂടി കിടക്കുന്നു. | 3.തൂർന്ന മണ്ണ് എടുത്തുമാറ്റണം. |
| Ward-V | 1.വടതോടുകുളം,കേയിയോട് കുളം, മൂച്ചിക്കൽ ഏരി എന്നിവയുടെ ജല സംഭരണശേഷി കുറഞ്ഞിട്ടുണ്ട്. | 1.ചെറുകോരി വരമ്പുകെട്ടി വൃത്തിയാക്കണം |
| Ward-VI | 1.ഒന്നാം വിളയ്ക്ക് ഞാറു പാകുന്നതിന് ജല ദൗർലഭ്യം അനുഭവപ്പെടുന്നു. | 1.മൂലത്തറ കനാലിൽ നിന്നും ആവിശ്യത്തിനു ജലം മെയ് രണ്ടാം വാരത്തിലോ മൂന്നാം വാരത്തിലോ വിട്ടു കൊടുക്കണം |
| | 2.കനാലിൽ ജലം ഉണ്ടെങ്കിലും കൃഷിക്കാരന് സമയത്തിന് ലഭിക്കുന്നില്ല. | 2.കനാലിലെ ഓവ് അടയ്ക്കാനും തുറക്കാനുമുള്ള അവകാശം കൃഷിക്കാരന് നൽകണം. |

| | | |
|---|---|---|
| | 3.ആറാം വാർഡിൽ പെരുവമ്പാടി പാടം മുതൽ കരിപ്പാലി വരെയുള്ള അകംപാടം ചാൽ കര കവിഞ്ഞൊഴുകുന്നത് സാധാരണയാണ്. | 3.ചാലിന്റെ സൈഡ് കെട്ടി ഉയർത്തേണ്ടതാണ്. |
| | 4.പെരുവമ്പാടി ചാലിന്റെ തടയണയുടെ ചീർപ്പ് ഉപയോഗ ശൂന്യമാണ്. | 4.ചീർപ്പ് നന്നാക്കണം. |
| Ward-VII | 1.പനങ്കാവ്,കുവല അകംപാടം ചാൽ വഴുവക്കോട് ഭാഗത്ത് വെള്ളം കരകവിഞ്ഞ് കൃഷി നാശമാവുന്നു. | 1.ചാൽ ഇരുഭാഗവും കരിങ്കൽ കൊണ്ട് കെട്ടിയുയർത്തണം |
| | 2.വാർഡിലെ കുളങ്ങളുടെ സംഭരണ ശേഷി കുറഞ്ഞിരിക്കുന്നു. | 2.കുളങ്ങൾ ചളികോരി ആഴം കൂട്ടുകയും ബണ്ടുകൾ കെട്ടുകയും ചെയ്യണം |
| Ward-VIII | 1. വാർഡിൽ 15 കുളങ്ങളിൽ 3 കുളങ്ങൾ സ്വകാര്യ കുളങ്ങളാണ്. 12 കുളങ്ങൾ മിച്ച ഭൂമി കുളങ്ങളാണ്. കുളങ്ങളുടെ സംഭരണ ശേഷി കുറവാണ്. | 1.കുളങ്ങൾ ആഴം കൂട്ടി ബണ്ട് കെട്ടണം |
| | 2.മേട്ടുപാളയം ഭാഗത്ത് മൂലത്തറ കനാലിന്റെ ബണ്ട് തകർന്നിരിക്കുന്നു. | 2.ബണ്ട് കെട്ടി ശരിയാക്കേണ്ടതാണ്. |
| | 3.പാലോട്,അയ്യംപതി അകംപാടം ചാൽ കര കവിഞ്ഞ് ഒഴുകാറുണ്ട്. | 3.ആഴം കൂട്ടി സൈഡ് കെട്ടണം. |

# 2 മൃഗസംരക്ഷണം മത്സ്യബന്ധനം

1960-കളിൽ ട്രാക്ടറുകൾ കാർഷിക ആവശ്യതതിന് വ്യാപകമാകുന്നതിനു മുൻപ് കർഷകഭവനങ്ങളിൽ നിലം ഉഴുതുന്നതിന് കാളകൾ, പോത്തുകൾ എന്നിവയെ ധാരാളമായി വളർത്തിയിരുന്നു. കുടുംബത്തിന്റെ ആവശ്യാനുസരണം പാൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തിൽ മാത്രം പശുക്കളെ വളർത്തിയിരുന്നു. പാൽ വിപണനം പരിമിതമായിരുന്നു. ഉഴവു കാളകളെ പ്രത്യേക പരിഗണന നൽകി സംരക്ഷിച്ചിരുന്നു. എല്ലാ കർഷക ഭവനങ്ങളിലും തൊഴുത്തുകൾ ഉണ്ടായിരുന്നു. കന്നുകളെ മേക്കുന്നതിന് കുട്ടികൾ സുലഭമായിരുന്നു. മേച്ചിൽ സ്ഥലങ്ങൾ ആവശ്യാനുസരണം ഉണ്ടായിരുന്നു. ഇറച്ചിയുടെ ആവശ്യത്തിന്നായി ആട്, കോഴി, എന്നിവയെ വളർത്തിയിരുന്നു. മേച്ചിൽ സ്ഥലങ്ങൾ കൃഷിഭൂമിയാക്കി മാറ്റി. വിദ്യാഭ്യാസം സാർവ്വത്രീകമായി. കാലിമേയ്ക്കുന്നതിന് കുട്ടികളെ കിട്ടാതായി. നിലം ഉഴുന്നതിന് ട്രാക്ടർ സൗകര്യപ്രദവും ലാഭകരവും ആയി. കർഷകരുടെ തൊഴുത്തുകളിൽ നിന്നും കാലികൾ അപ്രത്യക്ഷമായി. ചില തൊഴുത്തുകളിൽ പാലിന്നു വേണ്ട പശുക്കൾ അവശേഷിച്ചു

IRDP ലോൺ മുഖേന ആടുമാടുകൾ വാങ്ങുന്നതിന്ന് തുടങ്ങിയപ്പോൾ പല വീടുകളിലും കാലി വളർത്തൽ ചെറിയ തോതിൽ തുടങ്ങി. പക്ഷെ ഇടത്തട്ടുകാർ അവരുടെ കച്ചവടം ത്വരിതപ്പെടുത്തിയപ്പോൾ അവയുടെ എണ്ണം വീണ്ടും കുറഞ്ഞു വന്നു.

1991 ൽ ആനന്ദ് മാതൃക സംഘങ്ങളുടെ രൂപീകരണത്തോടു കൂടി മൃഗ പരിപാലന രംഗത്ത് ഒരു പുതുജീവൻ കൈ വന്നു. ക്ഷീര സഹകരണ സംഘങ്ങൾ അഞ്ചെണ്ണം പഞ്ചായത്തിൽ നിലവിൽ വന്നു. 1.നന്ദിയോട് 2. തണ്ണീർ പന്തൽ 3. പട്ടഞ്ചേരി 4. കൊശവൻ കോട് 5. ആറ്റാഞ്ചേരി. ഇതിനു പുറമേ സൈക്കിൾകാർ എന്ന നിലയിൽ ധാരാളം പേർ പാൽ വിപണന രംഗത്തുണ്ട്. പഞ്ചായത്തിൽ ഇന്ന് നാടൻ ഇനത്തിൽ പ്പെട്ട അഞ്ഞൂറിൽപ്പരം പശുക്കളും, സങ്കര യിനത്തിൽ പ്പെട്ട അയ്യായിരത്തിൽ കൂടുതൽ കറവപ്പശുക്കളും ഉണ്ട്. ഇതിനു പുറമെ എഴുന്നൂറ്റമ്പതോളം എരുമകളെ കറക്കുന്നു. സഹകരണ സംഘങ്ങളിൽ കൂടിയുള്ള മൊത്തം സംഭരണം 3250 ലിറ്റർ പാലാണ്. ഇതിൽ 220 ലിറ്റർ പഞ്ചായത്തിൽ തന്നെ വിൽക്കുന്നു. ബാക്കി 3030 ലിറ്റർ പ്രതിദിനം കല്ലേപ്പുള്ളി മിൽമയുടെ ചില്ലിങ്ങ് പ്ലാൻറിൽ എത്തിക്കുന്നു.

പുതിയ ഭക്ഷ്യസംസ്കാരത്തിൽ ബീഫിന് മുഖ്യ സ്ഥാനം കൈവന്നിരിക്കുകയാണല്ലൊ? ഇതിന്റെ അലയൊലി പട്ടഞ്ചേരി പഞ്ചായത്തിലും കാണാവുന്നതാണ്. അനധികൃതമായ നാല് ഇറച്ചിവെട്ടു കേന്ദ്രങ്ങൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഇതിന് വിപണന ഏജൻസികൾ സജീവമാണ്.മൃഗാശുപത്രിയിൽ പരിമിതമായ സൗകര്യങ്ങളെ ഉള്ളു എങ്കിലും ഡോക്ടറുടെ ശുഷ്ക്കാന്തി മൂലം ആവശ്യമായ മൃഗപരിചരണം ലഭ്യമാണ്.

അപ്കോസ്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൂന്ന് ഇൻസെമിനേഷൻ സെന്ററുകൾ ഉണ്ട്. കൂടാതെ മൃഗ സംരക്ഷണ വകുപ്പിന്റെ കീഴിൽ രണ്ടെണ്ണം പ്രവർത്തിക്കുന്നു. മേച്ചിൽ സ്ഥലങ്ങൾ പഞ്ചായത്തിൽ ഇല്ല. ഇനി ഉണ്ടാകുവാനുള്ള സാദ്ധ്യതയും ഇല്ല. ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സമ്പത്ഘടന ഉയർത്തുന്നതിനും ഏറെ സഹായിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണ മേഖല. ഫലപ്രദമായി ഇനിയും ചൂഷണം ചെയ്യപ്പെട്ടിട്ടില്ലാത്ത മേഖലയാണിത്. ഗ്രാമീണ ജനതയുടെ പ്രധാനപ്പെട്ട ജീവിത മാർഗ്ഗങ്ങൾ കൃഷിയും മൃഗസംരക്ഷണവും തന്നെയാണ്. കൃഷിയും മൃഗ സംരക്ഷണവും ചേർന്നുള്ള സംയോജിത കൃഷി രീതിയാണ് ഇവിടെ അനുയോജ്യമായത്. ചുരുങ്ങിയ മുതൽ മുടക്കിൽ കൂടുതൽ തൊഴിൽ ലഭ്യമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതുനു പുറമെ പോഷകാഹാരങ്ങളായ മുട്ട, പാൽ, മാംസം എന്നിവയുടെ ഉത്പാദനവും,വിപണനവും പരിസ്ഥിതിക്ക് അനുകൂലമായ ജൈവവളങ്ങളുടെ സംഭാവനകൂടി ഈ മേഖലയിൽ നിന്ന് ലഭിക്കുന്നു.

മൃഗസംരക്ഷണ മേഖലയിലെ നേട്ടങ്ങൾ പാൽ ഉൽപ്പാദനം മാത്രമാണെന്നാണ് പൊതുവേയുള്ള ധാരണ. മുട്ടയ്ക്കും, മാംസത്തിനും വേണ്ടി നാം അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. അതിനാൽ മൃഗ സംരക്ഷണ മേഖലയുടെ ഉന്നമനം പാൽ, മുട്ട, മാംസം എന്നിവയുമട ഉത്പ്പാദനം വർദ്ധിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഉള്ളതായിരിക്കണം. ഇതിനെ അടിസ്ഥാനമാക്കിയുള്ള വെറ്റിനറി സർവ്വീസിന്റെ വികസനവും ആധുനീക വൽക്കരണം ഫലപ്രദമായി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. രോഗപ്രതിരോധ മേഖലക്ക് മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന മാരകരോഗങ്ങളെ തടയുവാനുള്ള പദ്ധതികൾക്കും മുൻ തൂക്കം കൊടുക്കേണ്ടിയിരിക്കുന്നു.

# മൃഗസംരക്ഷണം

| പ്രശ്നം | സാദ്ധ്യതകൾ |
|---|---|
| 1. കാലിത്തീറ്റകളുടെ ഗുണമേന്മ കുറവും , വില കൂടുതലും ആണ്. | 1. സർക്കാർ മേഖലയിലോ, സഹകരണ മേഖലയിലോ ഗുണനിലവാരമുള്ള കാലിതീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കണം. |
| 2. തീറ്റ പുല്ലിന്റെ ലഭ്യത പരിമിതമാണ്. | 2. നെൽപ്പാടങ്ങളുടെ വരമ്പുകളിലും, തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി തീറ്റപ്പുൽ കൃഷി ചെയ്യേണ്ടതാണ്. |
| 3. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ (8,9,10,7) എന്നീ വാർഡുകളിൽ - മൃഗാശുപത്രിയുടെ സേവനം ഫലപ്രദമാക്കുവാൻ സാധിക്കുന്നില്ല. | 3. കൂടുതൽ ഡോക്ടർമാരെ ഗവർമ്മേണ്ട് നിയമിക്കുക. വാഹന സൗകര്യം, ടെലഫോൺ സൗകര്യം, മിനി ഓപ്പറേഷൻ തിയേറ്റർ, മൈക്രോസ്ക്കോപ്പ്, ലെബോർട്ടറി, വെള്ളം, പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം, ആവശ്യമായ ഫർണീച്ചറുകൾ മുതലായവ. |
| 4. അനഃധികൃതമായ അറവുശാലകളുടെ പ്രവർത്തനം, ആരോഗ്യത്തിന് ഭീഷണിയായിത്തീർന്നിരിക്കുന്നു. | 4. ശാസ്ത്രീയ രീതിയിലുള്ള അറവുശാലകളുടെ നിർമ്മാണം. അറവുശാലകളിൽ മാംസപരിശോധന നിർബ്ബന്ധമാക്കുക. |
| 5. അലഞ്ഞു തിരിയുന്ന നായ്ക്കളുടെ എണ്ണം വർദ്ധിക്കുന്നു. പേവിഷബാധയുടെ ഭീഷണി നിലനിൽക്കുന്നു. | 5. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായക്കളുടെ നശീകരണം. വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ്. പ്രതിരോധ കുത്തിവെപ്പ്. |

| | | |
|---|---|---|
| Ward-I | 1.ആദിവാസി സങ്കേതത്തിൽ പ്രത്യേകിച്ചും മറ്റു ഭാഗങ്ങളിൽ പൊതുവേ യും പശുക്കൾ കൂടുതൽ ഉണ്ടെങ്കിലും പാലിന്റെ വിപണന സൗകര്യം കുറവാണ്. | 1. കന്നിമാരി കേന്ദ്രീകരിച്ച് പാൽ സൊസൈറ്റി രൂപീകരിക്കുക. |
| Ward-III | 1,ധാരാളം പശുക്കൾ വളർത്തുന്നുണ്ടെങ്കിലും പാൽ വിപണന സൗകര്യം കുറവാണ്. | 1. നെടുംമ്പളം കേന്ദ്രീകരിച്ച് പാൽ വിപണന സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. |
| | 2.കോഴി വളർത്തലിന് ജനങ്ങൾ തയ്യാറാണെങ്കിലും സാമ്പത്തിക പരാധീനത മൂലം സാധിക്കുന്നില്ല. | 2. ആവശ്യമായ ധന സഹായം ലഭിക്കുന്നതിനുള്ള ഏജൻസികളെ കണ്ടത്തേണ്ടതാണ്. |
| | 3.വറ്റാത്ത കുളങ്ങൾ ഉണ്ടെങ്കിലും കാര്യമായ ഉപകാരം ഇല്ല. | 3. നല്ല രീതിയിൽ സംരക്ഷിച്ച് മൽസ്യം വളർത്തുന്നതിന് സൗകര്യം ചെയ്യുക. |
| Ward-IV | കാലിത്തീറ്റയുടെ വില വർദ്ധന കർഷകരെ വിഷമിപ്പിക്കുന്നു. | 1 .സബ്സിഡി ഏർപ്പെടുത്തണം. |
| WardVIII | കോഴി വളർത്തൽ ആടു വളർത്തൽ പന്നി വളർത്തൽ എന്നിവയിൽ താൽപ്പര്യമുളള ധാരാളം ആളുകൾ ഉണ്ട്. സംരംഭകത്വം ഇല്ല. | 1.സംരംഭക പരിശീലനവും തുടർ നടപടികളും കൈക്കൊളളണം. |

| | | |
|---|---|---|
| Ward IX | 1.വാർഡിലെ കുളങ്ങളുടെ സംഭരണശേഷി കുറയുന്നു. | 1. ആഴം കൂട്ടി വരമ്പ് കെട്ടണം |
| | 2.അകംപാടം ചാലുകൾ കരകവിഞ്ഞ് ഒഴുകുന്നു. | 2. സൈഡുകൾ കെട്ടി ഉയർത്തണം |
| Ward-X | 1.ഇറിഗേഷൻ കനാലുകളുടെ അവസ്ഥ ശോചനീയമാണ്. | 1. വേണ്ട അറ്റകുറ്റ പണികൾ നടത്തി സ്ലൂസ്സുകൾ കാര്യക്ഷമമാക്കണം. |
| Ward-XI | 1.തരകൻചള്ള, പട്ടാണിചള്ള,പുള്ളിമാൻചള്ള, കൊളപ്പുള്ളിചള്ള എന്നീ ഭാഗങ്ങളിൽ അകം പാടം ചാലിൽ കൂടി ധാരാളം ജലം ഒഴുകി പാഴാകുന്നു. | 1. തടയണകൾ നിർമ്മിച്ച് ജലത്തെ കൃഷിക്ക് ഉപയുക്തമാക്കണം. |

## മത്സ്യ ബന്ധനം

പണ്ട് അകംപാടം തോടുകളിലും കുളങ്ങളിലും , കുഴികളിലും നാടൻ മത്സ്യങ്ങൾ യഥേഷ്ടം ഉണ്ടായിരുന്നു. പരൽ,കണ്ണൻ,കാക്കറാച്ചി,മൊയ്യ്,ചീക്,ആരൽ തുടങ്ങിയ മത്സ്യങ്ങൾ സുലഭമായിരുന്നു. കീടനാശിനികളുടേയും രാസവളങ്ങളുടേയും ആവിർഭാവത്തോടെ ഇവയ്ക്ക് വംശ നാശം സംഭവിച്ചു.

ഇപ്പോൾ ചില കുളങ്ങളിൽ ശാസ്ത്രീയമായ മത്സ്യ കൃഷി നടത്തി വരുന്നുണ്ട്. തൂർന്നു കൊണ്ടിരിക്കുന്നതും തൂർത്തതുമായ നിരവധി കുളങ്ങൾ ഉണ്ട്.(മിച്ചഭൂമി കുളങ്ങളും സ്വകാര്യ കുളങ്ങളും ) അവയെല്ലാം കാര്യക്ഷമമാക്കി പരിപാലിക്കുന്ന പക്ഷം മത്സ്യം വളർത്തുന്നതിനും ജലസേചനത്തിന്നും , കുടിക്കുന്നതിന്നും, കുളിക്കുന്നതിന്നും പരിസ്ഥിതി സംന്തുലനം നില നിർത്തുന്നതിനും വളരേയേറെ ഉപയോഗപ്രദമായിരിക്കും.

## പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത് വളർത്തുമൃഗങ്ങളുടെ സംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | കാള സങ്കരം | പശു നാടൻ കറവ ഉള്ളത് | പശു നാടൻ കറവ ഇല്ലാത്തത് | പശു സങ്കരം കറവ ഉള്ളത് | പശുസങ്കരം കറവ ഇല്ലാത്തത് | എരുമ കറവ ഉള്ള | എരുമ കറവ ഇല്ലാത്തത് | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|
| I | 64 | 32 | 26 | 17 | 169 | 22 | 12 | 3 | 2 | 63 | 333 | |
| II | 8 | 8 | 7 | 4 | 110 | 54 | 2 | | | 114 | 179 | |
| III | 10 | 10 | 5 | 2 | 106 | 15 | 8 | 4 | 7 | 64 | 159 | |
| IV | 30 | 9 | 4 | 6 | 145 | 26 | 9 | 5 | 6 | 15 | 258 | |
| V | 2 | 3 | 7 | 5 | 58 | 15 | 2 | | | 61 | 69 | |
| VI | 21 | 20 | 11 | 16 | 88 | 34 | 1 | | | 279 | 113 | |
| VII | 5 | 14 | 9 | 13 | 126 | 34 | 6 | | 3 | 94 | 506 | |
| VIII | 8 | 10 | 10 | 16 | 135 | 36 | 26 | 9 | 7 | 54 | 74 | |
| IX | 4 | 12 | 7 | 12 | 107 | 15 | 4 | 1 | 3 | 76 | 96 | |
| X | 8 | 20 | 8 | 13 | 103 | 18 | 1 | | 2 | 136 | 178 | |
| XI | 12 | 12 | 9 | 6 | 105 | 34 | 7 | 3 | 2 | 66 | 233 | |
| | 172 | 150 | 83 | 110 | 1252 | 305 | 78 | 25 | 32 | | | |

# 3 വിദ്യാഭ്യാസം

1991വരെ വിദ്യാഭ്യാസം വെള്ളപ്പാട്ടു വീട്ടിൽ വെച്ച് അന്നത്തെ കാലത്തെ വിദ്യാസമ്പന്നരായ ആൾക്കാർ ഒരു സേവനം എന്ന നിലയിൽ കുട്ടികൾക്ക് എലിമെന്ററി വിദ്യാഭ്യാസം നൽകിയിരുന്നു. 1919 ൽ ആണ് ഇന്ന് നിലവിലുള്ള പട്ടഞ്ചേരി ഗവർമെണ്ട് ഹൈസ്ക്കൂളിന്റെ സ്ഥാനത്ത് ഒരു സർക്കാർ വിദ്യാലയം ഉണ്ടായത്. ആ സ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം നേടിയ പലരും തുടർ വിദ്യാഭ്യാസം ചിറ്റൂർ,പാലക്കാട് എന്നീ സ്ഥലങ്ങളിലുള്ള ഹൈസ്ക്കൂൾ,കോളേജ് എന്നീ സ്ഥാപനങ്ങളിൽ പഠിച്ച് ഉദ്യോഗാർത്ഥം ലോകത്തിന്റെ തന്നെ വിവിധ തുറകളിൽ സേവനം അനുഷ്ഠിച്ച് ഇന്ന് വിശ്രമ ജീവിതം നയിക്കുന്നു.

താഴെ പറയുന്നവയാണ് പട്ടഞ്ചേരി പഞ്ചായത്തിലെ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

1.പട്ടഞ്ചേരിയിൽ ഒന്നു മുതൽ പത്താം ക്ലാസ് ഉൾപ്പെടെയുള്ള ഗവർമ്മെണ്ട് ഹൈസ്ക്കൂൾ .

2.വണ്ടിത്താവളത്ത് ഒന്നു മുതൽ നാല് വരെയുള്ള കെ.കെ.എം. എൽ.പി. സ്ക്കൂൾ.

3.വണ്ടിത്താവളത്ത് 1939ൽ അഞ്ചു മുതൽ പന്ത്രണ്ടു വരെയുള്ള ഹയർ സെക്കണ്ടറി സ്ക്കൂൾ (K.K.M.H.School)

4.നന്ദിയോട്ടിൽ ഒന്നു മുതൽ ഏഴുവരെയുള്ള ഗവർമ്മെണ്ട് യു.പി.സ്ക്കൂൾ.

അംഗികൃത വിദ്യാലയങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. കന്നിമാരിയിൽ അംഗീകാരമില്ലാത്ത ഒന്നു മുതൽ നാലു വരെയുള്ള ഒരു ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ ചിറ്റൂർ-തത്തമംഗലം മുൻസിപ്പൽ അതിർത്തിയിൽ (തത്തമംഗലത്ത്) പ്രവർത്തിക്കുന്ന ചിന്മയ വിദ്യാലയം പട്ടഞ്ചേരി പഞ്ചായത്ത് അതിർത്തിയിൽ കെട്ടിടം പണിത് ക്ലാസ്സ് തുടങ്ങി കഴിഞ്ഞു. വണ്ടിത്താവളം ഹൈസ്ക്കൂളിൽ ഹയർ സെക്കണ്ടറി വിഭാഗം തുടങ്ങിയത് 1991 ൽ ആണ്. കന്നിമാരിയിലെ സെന്റ് പോൾസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂള പ്രവർത്തനം തുടങ്ങിയത് 1992 ൽ ആണ്. കഴിഞ്ഞ മൂന്നു വർഷമായി എല്ലാ ഒന്നാം ക്ലാസുകളിലും വിദ്യാർത്ഥികളുടെ എണ്ണം കുറവാണ്. ആയതിനു കാരണം ജനന നിരക്കു കുറഞ്ഞതും ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിനു വേണ്ടി വിജയമാതാ കോൺവെന്റിലേക്കും, ചിന്മയാ വിദ്യാലയത്തിലേക്കും കുട്ടികളെ അയക്കുന്നതാണ്. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ അദ്ധ്യാപകരുടെ എണ്ണം 130 ൽ നിന്ന് 175 ആയി വർദ്ധിച്ചിട്ടുണ്ട്. അദ്ധ്യാപകരിൽ ഏറിയ പങ്കും സ്ത്രീകളാണ്. പട്ടഞ്ചേരി ഹൈസ്ക്കൂളിലും നന്ദിയോട് യു.പി.സ്ക്കൂളിലും ഭൗതീക സാഹചര്യത്തിന്റെ കുറവു മൂലം സ്ക്കൂളുകൾ ഷിഫ്റ്റ് ആയിട്ടാണ് പ്രവർത്തിക്കുന്നത്. വണ്ടിത്താവളം സ്ക്കൂളുകളിൽ ഭൗതീക സാഹചര്യങ്ങൾ ഭേദമാണെന്ന് പറയാം

പട്ടഞ്ചേരി ഹൈസ്ക്കൂളിലേയും നന്ദിയോട് യു.പി. സ്ക്കൂളിലേയും PTA കൾ വളരെ സജീവമാണ്. പ്രസ്തുത സ്ക്കൂളുകളിലെ വളരെയധികം പ്രവർത്തനങ്ങൾ PTA യുടെ വകയാണ്. ( ക്ലാസ്സു മുറികൾ, സ്റ്റേജ്, മോട്ടോർ, വാട്ടർ ടാങ്ക് മുതലായവ ) വളരേയധികം സ്കോളർഷിപ്പുകൾ PTA ഏർപ്പെടുത്തിയിട്ടുണ്ട്. വണ്ടിത്താവളം കെ.കെ.എം.എൽ.പി സ്ക്കൂളിൽ PTA നിലവിലുണ്ട്. എന്നാൽ ഹയർ സെക്കണ്ടറിയിൽ PTA നിലവിൽ ഇല്ല. പട്ടഞ്ചേരി GHSലും വണ്ടിത്താവളം KKMLPയിലും മാതൃ സംഗമം നിലവിലുണ്ട്.

SSLCവിജയ ശതമാനം പട്ടഞ്ചേരി സ്ക്കൂളിൽ 25 മുതൽ 37 ശതമാനം വരെ കൂടിയും കുറഞ്ഞും ഇരിക്കുന്നു. വണ്ടിത്താവളത്ത് ഇരുപത്തിയാറിൽ നിന്ന് കുറഞ്ഞ് ഇരുപത്തി രണ്ടിൽ എത്തിയിട്ടുണ്ട്. കലാ കായിക മത്സരങ്ങളിൽ ഹൈസ്ക്കൂളിൽ നിന്നും കുട്ടികളെ ജില്ലാതലത്തിൽ പങ്കെടുപ്പിക്കാറുണ്ടെങ്കിലും ജില്ലാ തലത്തിൽ നിന്ന് വിജയിച്ച്സംസ്ഥാന തലത്തിലേക്ക് എത്തുവാൻ ആരും ഉണ്ടായിട്ടില്ല. എൽ.പി.,യു.പി വിഭാഗത്തിലെ കുട്ടികൾ സബ്ബ് ജില്ലാ തലത്തിൽ നാമമാത്രമായ നേട്ടങ്ങൾ കൈവരിക്കാറുണ്ട്. പഠന നിലവാരം എല്ലാ ക്ലാസ്സുകളിലും വളരെ കുറവാണ്. ഓരോ വർഷം കഴിയുന്തോറും ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ എത്തുന്ന നിരക്ഷരരുടെ എണ്ണവും ശതമാനവും കൂടി വരുന്നുണ്ട്.

സമാന്തര വിദ്യാലയങ്ങളായി പ്രവർത്തിക്കുന്നത് ട്യൂട്ടോറിയലുകൾ ആണ്. റിപ്പോർട്ടു സമയത്ത് പട്ടഞ്ചേരിയിൽ രണ്ടും നന്ദിയോട്ടിൽ ഒന്നും ട്യൂട്ടോറിയലുകൾ ആണ് ഉള്ളത്. അയ്യപ്പൻ കാവിലും കന്നിമാരിയിലും ഓരോ നഴ്സറി സ്ക്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.പഞ്ചായത്തിൽ മൊത്തം 23 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതിൽ ഒന്ന് പട്ടിക വർഗ്ഗ മേഖലയായ കൊച്ചിക്കാട്ടിലാണ്. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനം നടക്കുകയും സമ്പൂർണ്ണ സാക്ഷരത നേടുകയും ചെയ്തിരുന്നു.

## അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| സ്ക്കൂളുകൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| എച്ച്.എസ്സ് | | | | | | |
| സർക്കാർ(1) | 18 | 32 | 50 | 889 | 898 | 1787 |
| സ്വകാര്യം(1) | 38 | 41 | 79 | 1199 | 1030 | 2229 |
| യു.പി.എസ്സ് | | | | | | |
| സർക്കാർ(1) | 2 | 25 | 27 | 473 | 462 | 935 |
| എൽ.പി.എസ്സ് | | | | | | |
| സ്വകാര്യം(1) | 5 | 19 | 24 | 490 | 422 | 912 |
| ആകെ | 63 | 117 | 180 | 3051 | 2812 | 5863 |

1942 ൽ ആരംഭിച്ച ''ഗ്രാമീണ ഗ്രന്ഥ ശാല'' പട്ടഞ്ചേരിയിൽ ഇപ്പോഴും പ്രവർത്തന ക്ഷമമാണ്. പട്ടഞ്ചേരി പഞ്ചായത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽഒരു ഗ്രന്ഥശാല-വായനശാല 5 വർഷമായി നന്ദിയോട്ടിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ആറാം പാടത്ത് ഒരു വായനശാലയും പ്രവർത്തിക്കുന്നുണ്ട്.

**പ്രശ്നങ്ങൾ :**

ഹൈസ്ക്കൂൾ ക്ലാസുകളിൽ പ്പോലും നിരക്ഷരരായ വിദ്യാർത്ഥികൾ വളരേയേറെ ഉണ്ടെന്നുള്ള യാഥാർത്ഥ്യം പഞ്ചായത്തിലെ വിദ്യാഭ്യാസ സമ്പ്രദായത്തെ തകിടം മറിക്കുന്നു. അദ്ധ്യാപകരുടെ ആത്മാർത്ഥതാ കുറവ്, വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം മുരടിപ്പിക്കുന്നു. മേലധികാരികളുടെ മേൽനോട്ടം ഇല്ലായ്മ വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം കുറയുവാൻ കാരണമാകുന്നു. ഗവർമ്മെണ്ട് തലത്തിലുള്ള സ്ക്കൂളുകളിൽ ഭൗതീക സാഹചര്യങ്ങളുടെ കുറവ് വലിയൊരു പ്രശ്നമാണ്. പിന്നോക്ക പ്രദേശമായതിനാൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം വിദ്യാർത്ഥികളുടെ പഠന കാര്യത്തിൽ കുറവാണ്.

**സാദ്ധ്യതകൾ** :(ഗ്രാമസഭകളിൽ നിന്ന് കിട്ടിയ റിപ്പോർട്ട്)

1. വിദ്യാ സമ്പന്നരായ തൊഴിൽ രഹിതരെ ഒത്തൊരുമിപ്പിച്ച് ട്യൂഷൻ സെന്ററുകൾ പഞ്ചായത്തു തലത്തിൽ ഉണ്ടാക്കണം.
2. നന്ദിയോട്ടിലേയും , പട്ടഞ്ചേരിയിലേയും സ്ക്കൂളുകളിലുള്ള ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുവാൻ വേണ്ട നടപടികൾ കൈകൊള്ളണം.
3. നിലവിലുള്ള പട്ടഞ്ചേരി സ്ക്കൂളിലെ LPവിഭാഗത്തെ വേർപ്പെടുത്തണം.
4. പട്ടഞ്ചേരി ഗ്രാമ പഞ്ചായത്തിലെ മുട്ടിച്ചിറ (4ാം വാർഡ്) എന്നിവിടങ്ങളിൽ ഓരോ എൽ.പി. സ്ക്കൂളുകൾ സ്ഥാപിക്കണം.
5. രക്ഷിതാക്കളെ ബോധവാന്മാരാക്കി പ്രതികരിപ്പിക്കാൻ അധ്യാപകരും സാമൂഹ്യ സന്നദ്ധ പ്രവർത്തകരും തയ്യാറാവണം.
6. മാതൃ സംഗമം കാര്യക്ഷമമാക്കണം.
7. കുട്ടികളിൽ വായനാശീലം വളർത്തണം
8. പാഠ്യേതരപ്രവർത്തനങ്ങളിൽ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
9. പി.റ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം
10. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം സ്ക്കൂൾ ലവലിലും, വിദ്യാഭ്യാസത്തിനു ശേഷവും പരിശീലിപ്പിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം.
11. അദ്ധ്യാപകരെ അവരവരുടെ ജോലികളിൽ വ്യാപൃതരാകുന്നതിന്ന് ഉതകുന്ന വിധത്തിൽ വിവിധ തരം ജോലികളിൽ ഏർപ്പെടുന്നതിന്ന് നിയന്ത്രണം വേണം.

# 4 ആരോഗ്യം,കുടിവെള്ളം,പരിസര ശുചിത്വം

ആരോഗ്യ രംഗത്ത് പട്ടഞ്ചേരി പഞ്ചായത്തിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം പ്രവർത്തിച്ചു വരുന്നു. 1940 ന് മുൻപ് തന്നെ നന്ദിയോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ വന്നിരുന്നു. പഞ്ചായത്തിൽ ആഴ്ചയിൽ രണ്ടു ദിവസം സന്ദർശനം നടത്തി രോഗികളെ പരിശോധിച്ച് നിർദ്ദേശങ്ങൾ നൽകിയിരുന്നു. കൂടാതെ 1947 ൽ ഒരു ആയുർവേദ ഡിസ്പെൻസറി പഞ്ചായത്തിൽ സ്ഥാപിതമായി. ഒരു മെഡിക്കലാഫീസറും, ഫാർമസിസ്റ്റ്, അറ്റൻഡർ,പാർടൈം സ്വീപ്പർ എന്നിവർ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു. അത്യാവശ്യം കഷായം , അരിഷ്ടം, ആസവങ്ങൾ ,തൈലം,ഗുളികകൾ എന്നിവ സൗജന്യമായി നൽകി വരുന്നുണ്ട്. ഇതുകൂടാതെ ഭഗവാൻ ശ്രീ സത്യസായി ബാബായുടെ പേരിൽ ആഴ്ചയിൽ ശനിയാഴ്ച ദിവസം ഉച്ചയ്ക്ക് രണ്ടു മണി മുതൽ ആറു മണിവരെ ആനമലയിൽ നിന്നും വരുന്ന ഒരു ഡോക്ടർ സൗജന്യ രോഗ പരിശോധനയും മരുന്നും നൽകി വരുന്നു. പട്ടഞ്ചേരി പഞ്ചായത്ത് അതിർത്തിയിൽ അഞ്ച് IPP സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

ഈ പഞ്ചായത്തിലുള്ള ജനങ്ങളുടെ ജനനവും മരണവും കൂടുതലായി നടക്കുന്നത് പഞ്ചായത്തിനു വെളിയിലുള്ള ചിറ്റൂർ,പാലക്കാട് ആശുപത്രികളിൽ ആണ്. ആയതിനാൽ ജനനത്തിന്റെയും മരണത്തിന്റെയും യഥാർത്ഥമായ കണക്കുകൾ ലഭിക്കുന്നതിന്ന് വിഷമമുണ്ട്. ജനന നിരക്ക് വർഷംതോറും കുറഞ്ഞു വരുന്നു എന്നത് യാഥാർത്ഥ്യമാണ്. ശിശു മരണ നിരക്ക് താരതമ്യേന കുറവാണ്. മാതൃ മരണ നിരക്ക് വളരെ കുറവാണ്. 1995ൽ ഒരു ശിശു മരണവും , ഒരു മാതൃ മരണവും മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

പന്ത്രണ്ടിനും പതിനെട്ടിനും ഇടക്ക് പ്രായമുള്ള കുട്ടികളുടെ എണ്ണത്തേക്കാൾ കുറവാണ് ആറിനും പന്ത്രണ്ടിനും ഇടക്കുള്ള കുട്ടികളുടെ എണ്ണം. അതിനേക്കാൾ കുറവ് ഒന്നിനും ആറിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ എണ്ണം. അറുപതു വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ്.

വൈകല്യ നിരക്ക് 13 ആണ്. വൈകല്യത്തിൽ പുരുഷന്മാരാണ് മുന്നിൽ. ക്ഷയരോഗം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യപ്പെട്ടിട്ടില്ല. കുഷ്ഠരോഗം നാമമാത്രമായി അവശേഷിക്കുന്നു. പരിസര ശുചിത്വം ഇല്ലായ്മയും, ആരോഗ്യപരമായ കാര്യങ്ങളിലുള്ള അശ്രദ്ധയും മൂലം ഏപ്രിൽ, മെയ് മാസങ്ങളിൽ 'മണൽവാരി' എന്ന അസുഖം ഉണ്ടാവുക പതിവാണ്.

അംഗൻവാടികളിലും സ്കൂളുകളിലും പോഷകാഹാര പരിപാടി നടന്നു കൊണ്ടിരിക്കുന്നുണ്ട്. പാലിന്റെ ഉപയോഗം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. അതിനാൽ ജനങ്ങൾ ആരോഗ്യപരമായി മുന്നേറുന്നുണ്ട്.

രോഗികളുടെ എണ്ണം ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ചു വരുന്നതായി കാണുന്നു. ആരോഗ്യ പ്രവർത്തനങ്ങളിൽ ക്ലബുകൾ, മഹിളാ സമാജങ്ങൾ എന്നിവ പലപ്പോഴായി നേത്ര ചികിത്സാ ക്യാമ്പുകളും, മെഡിക്കൽ ക്യാമ്പുകളും നടത്തി വരുന്നുണ്ട്.

## കുടിവെള്ളം

കാർഷിക ആവശ്യങ്ങൾക്ക് മൂലത്തറ ഇറിഗേഷനിലെ ജലമാണ് ഉപയോഗിക്കുന്നത്. ഏതാണ്ട് മാർച്ച് മാസം അവസാനം വരെ വെള്ളം ലഭിച്ചു വരുന്നുണ്ട്. ഇറിഗേഷൻ കനാലിലൂടെ വെള്ളം ഒഴുകുമ്പോൾ പാടവും പറമ്പും കവിഞ്ഞൊഴുകുന്ന ജലം കുളങ്ങളേയും കിണറുകളേയും നിറയ്ക്കുന്നു. അതിനാൽ മാർച്ച് മാസാവസാനം വരെ കുളിക്കുവാനും കുടിക്കുവാനും ഉള്ള ജലത്തിന് പറയത്തക്ക ക്ഷാമം അനുഭവപ്പെടാറില്ല. എന്നാൽഏപ്രിൽ,മെയ് മാസങ്ങളിലെ വേനൽ ചൂടിൽ കുളങ്ങളിലേയും കിണറുകളിലേയും ജലവിതാനം താഴുമ്പോൾ കുളിക്കുവാനും, കുടിക്കുവാനും ഉള്ള വെള്ളത്തിന് ക്ഷാമം അനുഭവപ്പെടുന്നു.

ചിറ്റൂർ-തത്തമംഗലം ശുദ്ധ ജല വിതരണ പദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ ഇട്ട് ആറ്റാഞ്ചേരിയിൽ പന്ത്രണ്ടും, അത്തിമണി മൂപ്പൻകുളം ഭാഗത്ത് പതിനഞ്ചും പീടികക്കോട് വട്ടേക്കാട് കുളമ്പ് പ്രദേശങ്ങളിൽ പതിനെട്ടും ടാപ്പുകൾ ഉണ്ട്. പെരുമാട്ടി പഞ്ചായത്തിലെ വണ്ടിത്താവളം വാട്ടർ സപ്ലൈ സ്കീമിൽ നിന്ന് നെടുമ്പള്ളത്ത് പത്ത് ടാപ്പുകൾ ഉണ്ട്.

കക്കൂസ് ഉള്ള വീടുകളുടെ എണ്ണം വളരെ കുറവാണ്. പൊതുസ്ഥലത്തുള്ള മലമൂത്ര വിസർജ്ജനം മൂലം ശുചിത്വത്തിന്റെ കാര്യത്തിൽ വളരെ പിന്നിലാണ് പഞ്ചായത്തിലെ പല പ്രദേശങ്ങളും എന്ന് പറയാതെ വയ്യ. മറ്റുവിസർജ്ജ്യ വസ്തുക്കളുടേയും സംസ്ക്കരണം ഒട്ടും ശാസ്ത്രീയമായല്ല നടത്തുന്നത്. അവനവന്റെ മുറ്റം മാത്രം ശുചിയാക്കി വെയ്ക്കുവാൻ മാത്രമേ ജനങ്ങൾ ശ്രദ്ധിക്കുന്നുള്ളൂ. വീടിന്റെ പരിസരമോ പൊതുസ്ഥലമോ വൃത്തിയാക്കുന്നില്ല എന്നു മാത്രമല്ല വൃത്തി

കേടാക്കുന്നതിന് യാതൊരു മടിയുമില്ല. ഇക്കാര്യത്തിൽ ജനങ്ങളുടെ ജീവിതചര്യയിൽ ഒരു മാറ്റം അനിവാര്യമാണ്. എല്ലാ വീടുകളിലും പുരയിടമുണ്ട്. അതിന്റെ കോണിലൊരു കുഴി കുഴിച്ച് മാലിന്യങ്ങൾ അതിനകത്ത് നിക്ഷേപിക്കുന്ന പക്ഷം അത് ജൈവ വളമായി ഉപയോഗിക്കാം. വളമാക്കുന്നതിന് പറ്റാത്ത വസ്തുക്കളെ തീ കത്തിച്ച് ചാരമാക്കാം.

കക്കൂസ് ഉള്ള വീട്ടിലെ ചിലരെങ്കിലും പൊതു സ്ഥലത്ത് മല വിസർജ്ജനം നടത്തുന്നു എന്ന ദുഃഖ സത്യം അവശേഷിക്കുന്നു. വസ്ത്രധാരണത്തിൽ ഈ അടുത്ത കാലത്തായി പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ശുചിയായ ആഹാരം കഴിക്കുന്ന കാര്യത്തിൽ നിഷ്ക്കർഷത പാലിക്കപ്പെടുന്നില്ല. രോഗം പടരുന്നതിന് ഇതൊരു മുഖ്യ കാരണമാണ്.

കുടിവെള്ളത്തിന്നു വേണ്ടി 14 കുഴൽകിണറുകളും 40 പൊതു കിണറുകളും പഞ്ചായത്തിൽ ഉണ്ട്. അയ്യൻ വീട്ടു ചള്ള,ചേരിങ്കൽ, കവറത്തോട് എന്നീ പ്രദേശങ്ങളിലെ കുഴൽ കിണറുകളുടെ പ്രവർത്തനം മെച്ചപ്പെട്ടതാണ്. ഈ പ്രദേശങ്ങളിലെ വളരേയധികം ജനങ്ങൾ കുഴൽ കിണറിനെ ആശ്രയിക്കുന്നു. ചില ഭാഗങ്ങളിലെ കുഴൽ കിണറുകളിൽ പ്രതീക്ഷിച്ച അത്രയും വെള്ളം ലഭിക്കുന്നില്ല. വെള്ളത്തിന് രുചി വ്യത്യാസവും കണ്ടു വരുന്നുണ്ട്. പഞ്ചായത്തിൽ നിന്ന് പൊതു കിണറുകളും കുഴൽ കിണറുകളും എല്ലാ വർഷവും നന്നാക്കാറുണ്ട്.

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| 1. ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ - പ്രത്യേകിച്ച് ഡോക്ടർമാരുടെ- അഭാവം നില നിൽക്കുന്നു. | 1. ആവശ്യത്തിന് ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും ഒഴിവുകൾ നികത്തേണ്ടതാണ്. |
| 2. ആയുർവേദ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതിനാൽ വികസനം വഴിമുട്ടി നിൽക്കുന്നു. | 2. സ്വന്തമായ കെട്ടിടം നിർമ്മിക്കേണ്ടതാണ്. |

# 5 വ്യവസായം

പുരാതന കാലത്തു തന്നെ കാർഷിക മേഖലയിൽ പുരോഗതി നേടിയതിനാൽ വ്യവസായ മേഖലയിലേക്ക് ശ്രദ്ധ തിരിക്കുന്നതിനോ പുരോഗതി ഉണ്ടാക്കുന്നതിനോ പട്ടഞ്ചേരിയിൽ കാര്യമായ ശ്രമം ഒന്നും നടന്നിട്ടില്ല. വൻകിട ചെറുകിട വ്യവസായ ശാലകളൊന്നും പട്ടഞ്ചേരിയിലില്ല. പരമ്പരാഗതമായി ചെയ്തു വന്നിരുന്ന തൊഴിലായ കൂട, വട്ടി,മുറം,പായ മുതലായവയുടെ നെയ്ത്ത്, കളിമൺ പാത്ര നിർമ്മാണം മുതലായ കുടിൽ വ്യവസായങ്ങൾ പോലും ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്നു. മറ്റു പ്രദേശങ്ങളിൽ (അയൽ സംസ്ഥാനങ്ങളിൽ പ്പോലും) മുതൽ മുടക്കി വിജയകരമായി വ്യവസായം നടത്തി വരുന്ന പട്ടഞ്ചേരിക്കാർ ഏതാനും പേർ ഉണ്ട്. മറ്റു പ്രദേശങ്ങളിലെ വ്യവസായ ശാലകളിൽ തൊഴിലെടുക്കുന്ന പട്ടഞ്ചേരിക്കാർ അനവധിയാണ്. കൊപ്ര ആട്ടുന്നതിനും , നെല്ല് അരിയാക്കുന്നതിനും ധാന്യങ്ങൾ പൊടിക്കുന്നതിനും മറ്റുമുള്ള ചെറുകിട മില്ലുകൾ പഞ്ചായത്തിൽ കുറേയെണ്ണം ഉണ്ട്. അമ്പാട്ടു പറമ്പ് പവർ ലൂം മില്ലിൽ ഷിഫ്ട് സമ്പ്രദായത്തിൽ എഴുപതിൽപരം സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. ഖാദി ഭവന്റെ കീഴിലുള്ള സെന്ററിൽ നൂൽനൂൽപ്പും , നെയ്ത്തുമായി വളരെ സ്ത്രീകൾ ജോലി ചെയ്തു വരുന്നു.

ചെറുകിട വ്യവസായ-തൊഴിൽദായക സംരംഭങ്ങളായ കൊട്ട നെയ്ത്ത്, കൂട നെയ്ത്ത്, പപ്പട നിർമ്മാണം, ടൈലറിംങ്ങ്,അച്ചാറു നിർമ്മാണം, ഇഷ്ടിക നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, സോപ്പു നിർമ്മാണം എന്നിവയെ പറ്റി പലരും ചിന്തിക്കുവാൻ തുടങ്ങിയിരിക്കുന്നു.

പഞ്ചായത്തിൽ ആശാരിമാർ,കെട്ടു പണിക്കാർ, പെയ്ന്റു പണിക്കാർ തുടങ്ങി ഭവന നിർമ്മാണ തൊഴിലാളികൾ നിരവധി പേരുണ്ട്. ഇവരെയെല്ലാം ഏകോപിപ്പിച്ച് ഒരു പ്രൊഡക്ഷൻ സെന്ററിന്റെ കീഴിൽ കൊണ്ടു വരുന്ന പക്ഷം കട്ടിള, ജനൽ, വാതിൽ, കഴുക്കോൽ മുതലായ ഭവന നിർമ്മാണ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ ഉൽപ്പാദിപ്പിക്കുവാൻ കഴിയും. അതോടൊപ്പം ചെറുപ്പക്കാർക്ക് തൊഴിൽ പരിശീലനത്തിനുള്ള കേന്ദ്രമായും ഇതിനെ മാറ്റാവുന്നതാണ്.

*Better than thousands of armies*
*is an idea whose time has come!!*

# 6 റോഡുകൾ, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം

ഗ്രാമസഭാ റിപ്പോർട്ട്

### Ward I

1.മേലേ കവറത്തോട് റോഡ്.

2. തരകൻചള്ള റോഡ്.

3.അമ്പാട്ടുചള്ളയിൽ റോഡ്.

4.കുറ്റിക്കൽചള്ളയിൽ റോഡ്. ടാർ ചെയ്യണം

5.കുറ്റിക്കൽ ചള്ള മുതൽ ഞാവളം തോടു വരെ റോഡ് മെറ്റൽ ചെയ്യണം.

6.കന്നിമാരി കനാൽ വരമ്പ് റോഡ് ഗതാഗത യോഗ്യമാക്കണം

7.കന്നിമാരി കോവിൽ റോഡ് മെറ്റൽ ചെയ്യണം.

8.കൊച്ചിക്കാട്ടിൽ നിന്നും ശ്മശാനത്തിലേക്ക് പോകുന്ന റോഡ് മെറ്റൽ ചെയ്യണം.

9.രാജീവ് നഗറിൽ റോഡ് മെറ്റൽ ചെയ്യണം.

### Ward -II

1.മുതലമട PWD റോഡിൽ നിന്ന് പാറക്കാട്ടുചള്ള, അയ്യൻവീട്ടുചള്ള വഴി മീരാൻചള്ള റോഡിൽ എത്തുന്ന പാത മെറ്റൽ ചെയ്ത് ടാർ ചെയ്യണം.

2.അയ്യൻ വീട്ടുചള്ള,അയ്യപ്പൻചള, പാറക്കാട്ടുചള്ള വഴി മുതലമട PWD റോഡിൽ എത്തുവാൻ വേണ്ട റോഡ് (10ാം നമ്പർ മുക്ക്)

3.മൂപ്പൻ ചള്ള റോഡ്.

4.മീരാൻചള്ള റോഡിൽ 1.200KM റീ-ടാർ.

5.ഏന്തൽപ്പാലം കനാൽ വരമ്പിൽ റോഡ് മീരാൻചള്ള വരെ.

6. 8-ാം നമ്പർ മുക്കിൽ നിന്നും തുപ്പൽചള്ള വരെയുള്ള റോഡ്.

### Ward III

1.മല്ലൻകുളമ്പ്-പുളിങ്കാവ് റോഡ് ടാർ ചെയ്യണം

2.നെടുമ്പള്ളം റോഡ് ടാർ ചെയ്യണം

3.തെക്കേക്കാട് റോഡ് ടാർ ചെയ്യണം

4.അയ്യപ്പൻകാവ്-പാപ്പാമ്പള്ളം റോഡ്

5.ചുള്ളിമട-ചോഴിയക്കാട് റോഡ്

6.പരുത്തിക്കാട്ട് മട റോഡ്

7.ഇരച്ച കൊല്ലുമ്പ് റോഡ്

8.പാലകൊല്ലുമ്പ് റോഡ്

9.വണ്ടിത്താവളം-പുളിങ്കാവ് റോഡ്

പ്രത്യേകം ഊന്നൽ കൊടുക്കേണ്ടത് വണ്ടിത്താവളം-മല്ലൻ കുളമ്പ് റോഡ്

### Ward IV

1.ചേന്തോണി-കല്ലങ്കാട് റോഡ്

2.പീലിയോട് -മുട്ടിച്ചിറ റോഡ്

3.പുത്തൻ കുടി-ചേന്തോണി റോഡ്.

4.പണ്ടാരത്തറ റോഡ്

5.കൈക്കുളങ്ങര -തെക്കേ പറമ്പ് റോഡ്

6.നാവുക്കോട് റോഡ്

7.പീലിയോട് - വട്ടച്ചിറ റോഡ്

8.കടുചിറ റോഡ്

9.ശ്മശാന റോഡ് ടാർ ചെയ്യണം

## Ward - V

1.കാഞ്ഞിരം കുളമ്പ്-പനങ്കാവ് റോഡ്

2.കോടനായ്ക്കൽ റോഡ്

3.നെടുമ്പള്ളം-ഇരപ്പകൊല്ലുമ്പ് റോഡ് - -ടാർ

4.തണ്ണീർ പന്തൽ - കൂമ്പാറ റോഡ്

5.കേയിയോട് റോഡ്

6.ചുള്ളിപ്പെരുക്ക്-കോടനായ്ക്കൽ റോഡ്

## Ward - VI

1.പട്ടഞ്ചേരി-മാങ്ങോട് റോഡ് റിപ്പയർ ചെയ്യണം

2.കരിപ്പാലി മാരിയമ്മൻകോവിൽ നിന്നും വട്ടച്ചിറ തെങ്ങോട് വഴി പട്ടഞ്ചേരിയിൽ എത്തുന്ന റോഡ് ടാർ ചെയ്യണം

3.എറവ ക്കോട് പീലിയോട് റോഡ്

4.ചേരിങ്കൽ-കരിപ്പാലി റോഡ്

5.പണ്ടാരത്തറ റോഡ്(ഉള്ളിലുള്ളത് ) ടാർ ചെയ്യണം

6.ചെട്ടിത്തറയിൽ നിന്ന് വടക്കോട്ട് പോകുന്ന നട വഴി വണ്ടി വഴി ആക്കണം.

## Ward - VII

1.വിളക്കനാംകോട്ടിൽനിന്ന് വഴുവക്കോട്ടിലേക്കും വഴുവക്കോട്ടിൽ നിന്ന് മാഞ്ചിറപ്പാടത്തേക്കും റോഡ്

2.മാങ്ങോട് റോഡ് ടാർ ചെയ്യണം

3.ഒറവിൽ നിന്ന് കോടനായ്ക്കൽ മാരിയമ്മൻ കോവിൽ റോഡ്

4.മൂപ്പൻകുളത്തു നിന്ന് വിളക്കനാം കോട് വരെ റോഡ്

5.കുളമേട് നടപ്പാത മെറ്റൽ ചെയ്യണം

6.വെളക്കനാം റോഡ് റീ ടാർ ചെയ്യണം

## Ward - VIII

1.അരാംമുറി,കുറ്റിക്കാട്,പാലോട് ,മാടശ്ശേരി,അയ്യംപതി കൂമൻകാട് - മാണിക്ക്യം തോട് മുതലായ സ്ഥലത്ത് റോഡ് വേണം.

2.പള്ളത്താംപുള്ളി-കിട്ടുമാൻ ക്ഷേത്രത്തിലേക്കുള്ള വഴി- റോഡാക്കണം

3.ആറ്റാഞ്ചേരി നടവഴി റോഡാക്കണം

4.നിലവിലുള്ള റോഡുകൾ ടാർ ചെയ്യണം

5.ശ്മശാനം റോഡ് ടാർ ചെയ്യണം

6.ലക്ഷംവീട് കോളനിയുടെ വടക്കു ഭാഗത്തുള്ള റോഡ് ടാർ ചെയ്യണം

7. അയ്യംപതി-വിളക്കനാം കോട് റോഡ് റീ ടാർ

## Ward - IX

1.ആറാംപാടം കണക്കത്തറ റോഡ് നിർമ്മാണം - 500 മീ

2.വട്ടെക്കാട് കുളമ്പ് റോഡ് - 700 മീ

3.പനന്തറ-കുളച്ചമ്പ റോഡ് - 1കി. മീ

4.വിളക്കത്തറ കൊല്ലുമ്പ് ഇറിഗേഷൻ കനാൽ റോഡ് 350മീ

5.ആറാം പാടം റോഡ് ടാർ

6. പറക്കോട് റോഡ് നിർമ്മാണം

7.ആറാപാടം അമ്പാട്ടുപറമ്പ് റോഡ് മെറ്റൽ

8.ആറാംപാടം - കാവിൽക്കളം റോഡ് ടാർ

9.അമ്പാട്ടു പറമ്പ് -കൊളച്ചമ്പ റോഡ് ടാർ -1500മീ

10.മീങ്കര RBC 12ാംകി.മി മുതൽ 16.5കി.മി. വരെ മെറ്റൽ ചെയ്യണം

Ward X

1.വടകര-കരിപ്പാലി IHDPകോളനിയിൽ നിന്ന് മാങ്ങോട് മാരിയമ്മൻ കോവിൽ വരെ 1 കി.മി റോഡ് വേണം.

2. മാങ്ങോട് ഹരിജൻ കോളനി റോഡ് 300മീ
3.മേട്ടുക്കട പെരിഞ്ചേരി റോഡ് 700മീ

4.കൊശവൻ കോട് - ആഴിചിറ വീട്ടിലേക്കുള്ള റോഡ്

5.തുരുശുമുക്ക് - കാവിൽക്കളം റോഡ്

6.കാവിൽക്കളം-പീടികക്കോട് റോഡ്

7.വാവുക്കോട്- ആറാമ്പാടം റോഡിൽ നിന്ന് അമ്പലക്കാട് - പെരുമ്പാടി ഹരിജൻ കോളനിറോഡ്

8.മേട്ടുക്കട -പള്ളിക്കൊളുമ്പ് റോഡ്

9.കരിപ്പാലി-കൂട്ടപ്പുര റോഡ്

10.കൊശവൻകോട് റിങ്ങ് റോഡ്

11.വാവുക്കോട് പീടികക്കോട് റോഡ്

Ward XI

1.പാട്ടികുളം -തരകൻചള്ള റോഡ്

2.തരകൻചള്ള-നായ്ക്കൻ ചള്ള റോഡ്

3.നന്ദിയോട്-കവറത്തോട്-പുള്ളിമാൻചള്ള റോഡ് ടാർ ചെയ്യണം

4. 8ാം നമ്പർ തെക്കേ കവറത്തോട് റോഡ് ടാർ ചെയ്യണം

5.തെക്കേ കവറത്തോട്ടിൽ നിന്ന് ചെമ്മണംതോട്ടിലേക്ക് റോഡ് ടാർ ചെയ്യണം

## മാർക്കറ്റ്

പട്ടഞ്ചേരി വില്ലേജിലെ ഞായറാഴ്ചകളിലെ പച്ചക്കറി ചന്തയിലും വെള്ളിയാഴ്ചകളിലെ കന്നുകാലി ചന്തയിലും ജനപങ്കാളിത്തവും വിപണനവും വളരേയേറെ ഉണ്ട്. ബുധനാഴ്ച നടത്തുന്ന ചന്തയും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ സഹായകമാണ്.

## ഊർജ്ജം

നിലവിലുള്ള ഊർജ്ജ സ്രോതസ്സുകളാണ് വിറക്, വൈദ്യുതി, മണ്ണെണ്ണ, എൽ.പി.ജി.,ബയോഗ്യാസ്, പെട്രോൾ, ഡീസൽ മുതലായവ. തൊണ്ണൂറു ശതമാനം വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. അഞ്ചു ശതമാനത്തിൽ താഴെ വീടുകളിൽ എൽ.പി.ജി സ്റ്റൗ ഉണ്ട്. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നവരും അഞ്ചു ശതമാനത്തിൽ കുറവാണ്.

വീട്ടു വളപ്പിൽ നിന്നും ലഭിക്കുന്ന വിറക് മതിയാകാത്ത സാഹചര്യത്തിൽ തൊട്ടടുത്ത കളങ്ങളിൽ നിന്നും തെങ്ങിന്റെ ഓലയും മടലും വാങ്ങി ഉപയോഗിക്കാറുണ്ട്. പേട്ടകളിൽ നിന്നും സ്ഥിരമായി വിറകു വാങ്ങുന്നവർ കുറവാണ്. അപൂർവ്വം ചില വീടുകളിൽ ബയോഗ്യാസ് പാചകത്തിന് ഉപയോഗിക്കുന്നു.

വൈദ്യുതി ഒരു ഇന്ധനമായി ഉപയോഗിക്കുന്നവർ വിരളമാണ്. കാർഷിക ആവശ്യത്തിന് വെള്ളം പമ്പുചെയ്യുന്നതിന് വൈദ്യുതി ഉപയോഗിക്കുന്നു. ഡീസൽ പമ്പുകളുടെ ഉപയോഗം കുറവാണ്. മില്ലുകൾ, സിനിമാശാലകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയിലെല്ലാം ഊർജ്ജ സ്രോതസ്സ് വൈദ്യുതി തന്നെയാണ്. പാരമ്പര്യേതര ഊർജ്ജ ഉപയോഗം നാമമാത്രമാണ്.

ഏകദേശം 50% വീടുകൾ വൈദ്യുതീകരിച്ചതാണ്. പത്തു ശതമാനത്തോളം വീട്ടുകാർ വയറിങ്ങ് പണി കഴിച്ചിട്ടുണ്ടെങ്കിലും കണക്ഷൻ ലഭിച്ചിട്ടില്ല.

| പ്രശ്നം | സാദ്ധ്യതകൾ |
|---|---|
| 1.വിറകിന്റെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. | 1.വിറകിന്റെ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ വന വൽക്കരണം നടത്തേണ്ടതാണ്. |
| 2.മണ്ണെണ്ണയുടെ ക്ഷാമം അതിരൂക്ഷമാണ് | 2.റേഷൻ കടകളിലൂടെ ആവശ്യമായ മണ്ണെണ്ണ വിതരണം നടത്തണം. |
| 3.ഈ പഞ്ചായത്തിൽ ഗ്യാസ് വിതരണ ഏജൻസികൾ പ്രവർത്തിക്കുന്നില്ല. | 3.ഏജൻസിയെ വെക്കുകയോ അല്ലെങ്കിൽ ചിറ്റൂർ ഏജൻസിയിൽ പട്ടഞ്ചേരിയെ ഉൾപ്പെടുത്തുകയോ ചെയ്യുക. |
| 4.വോൾട്ടേജ് ക്ഷാമം മിക്കവാറും എല്ലായിടത്തും അനുഭവപ്പെടുന്നു. | 4.ഓവർ ലോഡുകളുള്ള ട്രാൻസ്ഫോമറിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയോ പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുകയോ ചെയ്യുക. |
| 5.പല പ്രദേശങ്ങളും ദിവസങ്ങളോളം -ഇടക്കിടെ ഇരുട്ടിലാവുന്നു. | 5.ലൈൻ മെയ്ന്റനൻസ് നേരാംവണ്ണം നടത്തേണ്ടതാണ്. |
| 6.Peak Hour- ൽ മോട്ടോറുകൾ പ്രവർത്തിക്കുന്നതു മൂലം ചില സ്ഥലങ്ങളിൽ വോൾട്ടേജ് വ്യതിയാനം അനുഭവപ്പെടാറുണ്ട്. | 6.Peak Hour- ൽ മോട്ടോറുകളുടെ നിയന്ത്രണത്തിനുള്ള ബോധവൽക്കരണം അത്യാവശ്യമാണ്. |

## ഗതാഗതം

പഞ്ചായത്തിൽ 18 കിലോ മീറ്ററിൽ കൂടുതൽ ടാർ ചെയ്ത റോഡുകളും 17 1/2 കിലോ മീറ്റർ മെറ്റൽ ചെയ്ത റോഡുകളും 6കിലോ മീറ്ററോളം മൺപാതകളും നിലവിലുണ്ട്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഇത് അഭിമാനിക്കത്തക്ക നേട്ടമാണ്.

എല്ലാ ഗ്രാമസഭകളിലും ഗതാഗതത്തെ കുറിച്ച് (റോഡ്) ചർച്ച സജീവമായിരുന്നു. വളരേയേറെ റോഡുകൾ ഇനിയും നിർമ്മിക്കേണ്ടതായിട്ടാണ് കാണുന്നത്. പക്ഷേ ആ റോഡുകൾ പലതും നിർമ്മിക്കുവാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ട്. തടസ്സങ്ങൾ എല്ലാം നീക്കി സാമ്പത്തിക സഹായം നൽകി നിർമ്മാണ പ്രവർത്തനത്തിന് ഒരു കർമ്മസേന രൂപീകരിക്കേണ്ടിയിരിക്കുന്നു.

*One Unit Energy Saved is Equivalent to One Unit Energy Generated !!*

| റോഡിന്റെ പേര് | ദൂരം | സ്വഭാവം |
|---|---|---|
| 1. മാങ്ങോട് റോഡ് | 5.097കി.മീ | 3.292 ടാർ(പട്ടഞ്ചേരി - കൊശവൻകോട്)<br>കൊശവൻകൊട് - മാങ്ങോട് 1-800 ടാർ |
| 2. കടുചിറ റോഡ് | 400 മീ | ടാർ |
| 3. പണ്ടാരത്തറ റോഡ് | 800 മീ | മെറ്റൽ |
| 4. മാടശ്ശേരി റോഡ് | 200 മീ | മെറ്റൽ |
| 5. കവറത്തോട് റോഡ് | 1.200കി.മീ | മെറ്റൽ |
| 6. മുതലമട റോഡ്(ചെമ്മണ്ണം തോട്) | 1.400കി.മീ | മെറ്റൽ |
| 7. നായ്ക്കത്തറ റോഡ്<br>(പട്ടഞ്ചേരി നായർത്തറ) | 400 മീ | മണ്ണ് |
| 8. ചാത്തപ്പാടം റോഡ് | 200 മീ | മണ്ണ് |
| 9. ഇരപ്പകൊല്ലുമ്പ് റോഡ് | 1.200കി.മീ | മെറ്റൽ |
| 10.വിളക്കനാം കോട് റോഡ് | 2.816കി.മീ | ടാർ |
| 11.ആറാംപാടം റോഡ് | 1.609കി.മീ | 1.109 മെറ്റൽ<br>500മീ ടാർ |
| 12.തെക്കേക്കാട് റോഡ് | 1കി.മീ | മെറ്റൽ |
| 13.ചേന്തോണി റോഡ് | 800 മീ | ടാർ |
| 14.കന്നിമാരിയമ്മൻകോവിൽ റോഡ് | 500 മീ | ടാർ |
| 15.മീരാൻചള്ള റോഡ് | 2.500കി.മീ | ടാർ |
| 16.കാവിൽക്കളം | 5.30 മീ | 300 മീ ടാർ<br>230 മീ മെറ്റൽ |
| 17.പാറക്കാട്ടുചള്ള റോഡ് | 1.200കി.മീ | മെറ്റൽ |
| 18.നെല്ലിമേട് റോഡ്(രാജീവ് നഗർ) | 500 മീ | മണ്ണ് |
| 19.ആറാംപാടം-കുന്നമണി റോഡ് | 500 മീ | മെറ്റൽ |
| 20നെടുംമ്പള്ളം-ആഴിചിറ റോഡ് | 700 മീ | മെറ്റൽ |
| 21.വഴുവക്കോട് റോഡ് | 1കി.മീ | ടാർ |
| 22.മല്ലൻ കൊല്ലുമ്പ്-പുളിങ്കാവ് റോഡ് | 1കി.മീ | 650 മെറ്റൽ<br>350 മണ്ണ് |
| 23.പനങ്കാവ് റോഡ് | 360 മീ | ടാർ |
| 24.ആറ്റാഞ്ചേരി ഹരിജൻ കോളനിറോഡ് | 690 മീ | ടാർ |
| 25.ആറാംപാടം-മുല്ലക്കൽ കൊല്ലുമ്പ് റോഡ് | 250 മീ | മെറ്റൽ |
| 26.മാങ്ങോട്-പെരിഞ്ചേരി റോഡ് | 300 മീ | മെറ്റൽ |
| 27.ചേന്തോണി ഹരിജൻകോളനി റോഡ് | 300 | മണ്ണ് |
| 28.കുറ്റിക്കൽ ചള്ള റോഡ് | 1.200കി.മീ | മെറ്റൽ |
| 29.ആറാംപാടം-പനന്തറ റോഡ് | 420 മീ | മെറ്റൽ |
| 30.കിഴക്കേക്കളം ഹരിജൻ കോളനി റോഡ് | 8 80 മീ | ടാർ |
| 31.മുല്ലക്കൽ കൊല്ലുമ്പ് ഹരിജൻ കോളനി റോഡ് | 750 മീ | ടാർ |
| 32.എടയൻ കൊല്ലുമ്പ് റോഡ് | 600 മീ | മെറ്റൽ |
| 33.മുട്ടുച്ചിറ കല്ലങ്കാട് റോഡ് | 1.580കി.മീ | മെറ്റൽ |
| 34.പുള്ളിമാൻചള്ള കവറത്തോട് റോഡ് | 950 മീ | മെറ്റൽ |
| 35.മാമ്പള്ളം-കൂട്ടപ്പുര റോഡ് | 250 മീ | മണ്ണ് |
| 36.ആറാംപാടം-കിഴക്കേക്കളം റോഡ് | 250 മീ | മെറ്റൽ |
| 37.കൊച്ചിക്കാട് ട്രൈബൽ കോളനി റോഡ് | 1.440കി.മീ | ടാർ |
| 38.പീലിയോട്-മുട്ടിച്ചിറ റോഡ് | 2.200കി.മീ | മണ്ണ് |
| 39.ഇടയൻ കൊളമ്പ് റോഡ് | 330 മീ | മണ്ണ് |
| 40.ആറാംപാടം-കുളച്ചമ്പ റോഡ് | 360 മീ | മെറ്റൽ |
| 41.മാങ്ങോട് മാരിയമ്മൻകോവിൽ റോഡ് | 700 മീ | മെറ്റൽ |
| 42.ആറാംപാടം വിളക്കത്തറ കൊളമ്പ് | 365 മീ | മണ്ണ് |
| 43.പറക്കോട് റോഡ് | 700 മീ | മെറ്റൽ |
| 44.കവറത്തറ റോഡ് | 30 മീ | മണ്ണ് |
| 45.വാവുക്കോട് റോഡ് | 1കി.മീ | മണ്ണ് |

# 7 ഭവന നിർമ്മാണം, ക്ഷേമപ്രവർത്തനങ്ങൾ

## ഭവന നിർമ്മാണം

പട്ടഞ്ചേരി പഞ്ചായത്തിൽ പാർപ്പിട പ്രശ്നം രൂക്ഷമല്ല. ഒരു കുടുംബത്തിന് ഒരു വീട് എന്ന ലക്ഷ്യത്തിൽ എത്താൻ ഇനിയും വളരെയധികം വീടുകൾ നിർമ്മിക്കേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധ അത്യാവശ്യമാണ്.

നിലവിലുള്ള വീടുകളുടെ സ്ഥിതി

| | |
|---|---|
| ഓല മേഞ്ഞവ | 1744 |
| ഓടിട്ടവ | 4459 |
| ഒന്നിൽ കൂടുതൽ നിലയുള്ള ഓടുമേഞ്ഞ വീടുകൾ | 13 |
| കോൺക്രീറ്റ് വീടുകൾ | 224 |
| ആകെ | 6440 |

ഓടുമേഞ്ഞ വീടുകളിൽ 217 എണ്ണം പ്രത്യേക ഘടക പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളാണ്.

ഹൗസിങ്ങ് സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. അടുത്ത കാലത്തായി ഹൗസിങ്ങ് ബോർഡിൽ നിന്നുള്ള സഹായം കൊണ്ട് കുറേ വീടുകളുടെ പണി പൂർത്തീകരിച്ചു വരുന്നു. ഓലപ്പുരകളുടെ എണ്ണം കുറഞ്ഞു വരുന്നുണ്ട്.

ചേന്തോണി, മൂപ്പൻകുളം, ആറാംപാടം എന്നിവിടങ്ങളിൽ ലക്ഷം വീട് കോളനികൾ ഉണ്ട്. 24 പട്ടിക ജാതി കോളനികളും 3 പട്ടിക വർഗ്ഗ സങ്കേതങ്ങളും ഉണ്ട്. നെല്ലിമേട്ടിൽ (രാജീവ് നഗർ കോളനിയിലെ) 40 വീടുകൾക്കും , മീരാൻ ചള്ളയിലെ 29 വീടുകൾക്കും കാവിൽ കളത്ത് 10 വിടുകൾക്കും സ്ഥലം (4 സെന്റ് വീതം) വാങ്ങി നൽകിയത് പഞ്ചായത്താണെന്ന കാര്യം എടുത്തു പറയത്തക്കതാണ്. പുറംമ്പോക്കിൽ കുടിൽ കെട്ടി താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം ഏകദേശം 50 ആണ്.

കോൺക്രീറ്റ് കെട്ടിട നിർമ്മാണ ഭ്രമം ജനങ്ങളിൽ കൂടുതലായി കണ്ടുവരുന്നു. കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾക്കുളളിൽ പഞ്ചായത്തിൽ കോൺക്രീറ്റ് ഭവനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. ചിലവു കുറഞ്ഞ നിർമ്മാണ ശൈലി സ്വീകരിക്കുന്നവർ വിരളമാണ്. ആഡംബരത്തിനും,പൊങ്ങച്ചത്തിനും വേണ്ടി വീടു നിർമ്മാണ ച്ചിലവ് വർദ്ധിപ്പിക്കുന്നവരുടെ എണ്ണം കൂടി വരുന്നുണ്ട്.

## സാമൂഹ്യക്ഷേമം

| IRDP സർവ്വേ | |
|---|---|
| 1.ദാരിദ്ര്യ രേഖക്ക് താഴെ ഉണ്ടായിരുന്ന കുടുംബങ്ങൾ | 1903 |
| 2.വിവിധ സഹായങ്ങൾ ലഭിച്ച് ദാരിദ്ര്യ രേഖക്ക് മുകളിൽ എത്തിയവർ | 111 |
| 3.ഇപ്പോഴും ദാരിദ്ര്യ രേഖക്ക് താഴെ കഴിയുന്നവർ | 1792 |
| 4.1792 പട്ടികജാതി/പട്ടിക വർഗ്ഗക്കാർ | 643 |
| 5. I R D P പദ്ധതിപ്രകാരം സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | 140 |
| 6.ഇതിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർ | 69 |
| 7. ട്രൈസം പരിശീലനം ലഭിച്ചവർ | 44 |
| 8. ഇതിൽ സ്വയം തൊഴിൽ കണ്ടെത്തിയവർ | 14 |
| 9. DWCRA പദ്ധതി പ്രകാരം തൊഴിൽ ചെയ്യുന്നവർ | 93 |
| 10.കക്കൂസുകൾ ഇല്ലാതിരുന്ന വീടുകൾ | 1338 |
| 11.കക്കൂസുകൾ അനുവദിച്ചത് | 50 |
| 12. പണി തീർന്നത് | 47 |
| 13.കക്കൂസുകൾ ആവശ്യമുള്ള വീടുകൾ | 1278 |

ഈ പഞ്ചായത്തിൽ വിധവാ-വാർദ്ധക്യകാല പെൻഷൻ 86 പേർക്കാണ് ലഭിക്കുന്നത്. താലൂക്കിൽ നിന്ന് തഹസിൽദാരുടെ നിർദ്ദേശാനുസരണം മാസം 75രൂപ പ്രകാരമാണ് പെൻഷൻ കൊടുത്തു കൊണ്ടിരിക്കുന്നത്. 178 അപേക്ഷകൾ ഭരണ സമിതിയുടെ അംഗീകാരത്തോടുകൂടി തഹസിൽദാർ അവർകൾക്ക് സമർപ്പിച്ചിട്ടുണ്ട്.

| സഹായ ധനത്തിന്റെ ഇനം | ലഭിക്കുന്നവരുടെ എണ്ണം | തുക | തീരുമാനമാകാത്ത അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| വിധവ<br>വാർദ്ധക്യം | 32<br>54 | 6450/രൂപ | 178 |

വികലാംഗ വിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ് പട്ടഞ്ചേരിയിലെ മൂന്നു സ്ക്കൂളുകളിലായി 19 വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

ഈ പഞ്ചായത്തിൽ ഗവർമെണ്ട് സ്ക്കീമിൽ ഉൾപ്പെട്ട 23 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയതുകളുടെ പ്രവർത്തനം മോശമല്ല. ഇരുപത്തി മൂന്നിൽ 9 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്.

**ഉപേക്ഷ കൊണ്ട് വരുന്ന നഷ്ടം ഏറ്റവും വലുതും ഒരിക്കലും നികത്താനാവാത്തതുമാണ്**

# 4 സംസ്കാരം

നൂറ്റാണ്ടുകൾക്ക് മുൻപ് ചിറ്റൂർ പുഴയിൽനിന്നും അണകെട്ടി ജലസേചനം നടത്തിയിരുന്ന പ്രദേശമാണ് പട്ടഞ്ചേരി. അക്കാലങ്ങളിൽ കാർഷികമേഖല സമ്പൽ സമൃദ്ധമായിരുന്നു. ഭൂവുടമകളിൽ അധികവും നായന്മാരും, ബ്രാഹ്മണരും ആയിരുന്നു. കർഷകരിൽ ഭൂരിഭാഗവും ഈഴവരായിരുന്നു. കർഷക തൊഴിലാളികളിൽ ഭൂരിഭാഗവും ചെറുമരും.

സ്വയം പര്യാപ്തമായ പഞ്ചായത്ത് എന്ന് വിശേഷിപ്പിക്കത്തക്കവിധത്തിൽ ആശാരി,കൊല്ലൻ,മൂശാരി, കൊശവൻ, തട്ടാൻ,പാണൻ,പറയൻ,മണ്ണാൻ,കവറ എന്നിവരിൽ അവരവരുടെതായ തൊഴിലിൽ പ്രാവീണ്യം നേടിയ നിരവധിപേർ ഇവിടെ ഉണ്ടായിരുന്നു. കർഷക ഭവനങ്ങളിൽ പണിക്കുടി കൊല്ലൻ,പണിക്കുടി ആശാരി, പണിക്കുടി കവറ, പണിക്കുടിമൂശാരി, പണിക്കുടി മണ്ണാൻ എന്നീ വിവിധ ജാതിവിഭാഗങ്ങൾക്ക് അവരവരുടേതായ പങ്ക് ഉണ്ടായിരുന്നു. നല്ലനാൾ കുറിക്കുന്നതിന് പണിക്കുടി ജോത്സ്യർ വരെ ഉണ്ടായിരുന്നു.

പട്ടഞ്ചേരിയുടെ പുരാതനകലാരൂപമായകതിർ, കൂത്ത്,എന്നീ ഉത്സവങ്ങളിൽ പറയൻ മുതൽ നമ്പൂതിരി വരെയുള്ള സമുദായക്കാരുടെ ഭാഗധേയവും സജീവ പങ്കാളിത്തവും ഉണ്ടായിരുന്നു. ഇവിടത്തെ വ്യാപാര പ്രമുഖരിൽ പലരും തമിഴ്നാട്ടിൽനിന്നും വന്ന ചെട്ടിയാർ മാരായിരുന്നു. ഇത്തരം കാരണങ്ങളാൽ തമിഴ്,തെലുങ്ക്, മലയാളം എന്നീ മൂന്നു ഭാഷകളാൽ സമ്പുഷ്ടമായിരുന്നു ഈ പ്രദേശം. തമിഴ് സംസ്ക്കാരത്തിന്റെ ഭാഗമായ മാരിയമ്മൻകോവിലുകളും പൊങ്കൽ ആഘോഷവും ഇപ്പോഴും നിലവിലുണ്ട്.

ഏതാണ്ട് 1950വരെ ഈ നില അഭംഗുരം തുടർന്നിരുന്നു. ആധുനികതയുടെ അതിപ്രസരത്തിൽ ഇതിന്റെ താളം ഒന്നൊന്നായി തെറ്റി. തൊഴിലിന്റെയും ജാതിയുടെയും അതിർ വരമ്പുകൾ ലംഘിക്കപ്പെട്ടു

സാധാരണ അമ്പലങ്ങളുടെ നടത്തിപ്പ് ബ്രാഹ്മണർ കയ്യാളിയിരുന്നു. എന്നാൽ പട്ടഞ്ചേരി ശിവക്ഷേത്രം ഇപ്പോഴും നായർ വീട്ടുകാരുടെ അധീനതയിൽ ആണ്.

ഭൂപരിഷ്ക്കരണ നിയമം വരുന്നതിനു മുൻപ് പട്ടഞ്ചേരിയിലെ പല കർഷകരും ജന്മിമാരായിരുന്നു എന്ന കാര്യം എടുത്തുപറയത്തക്ക ഒന്നാണ്.

മുസ്ലീം വിഭാഗക്കാർ മതപരിവർത്തനം നടത്തിയ വരേക്കാൾ തഞ്ചാവൂരിൽ നിന്നും കുടിയേറി പാർത്തവരായിരുന്നു കൂടുതൽ എന്ന് കരുതപ്പെടുന്നു. പ്രശസ്തിയേറിയ ചന്ദനക്കുടം നേർച്ച, '40' അടി തങ്ങളുടെ കബർ നേർച്ച എന്നിവ ഹിന്ദു മുസ്ലീം വിഭാഗങ്ങൾ ഒരുമിച്ച് ഇന്നും ആഘോഷിച്ചുവരുന്നു. വിഷുക്കണി ഒരുക്കുന്ന മുസ്ലീം കുടുംബങ്ങൾ പട്ടഞ്ചേരിയിൽ ഉണ്ട്.

പട്ടഞ്ചേരിയുടെ ആദിവാസി ആവാസകേന്ദ്രമാണ് കൊച്ചിക്കാട്. കാട്ടുപ്രദേശങ്ങൾ കൃഷിസ്ഥലങ്ങൾ ആകുമ്പോൾ വിഷപാമ്പുകടിയേറ്റ് മരണം സ്വാഭാവികമാണല്ലോ ? പക്ഷെ വിദഗ്ദ്ധമായ വിഷ ചികിൽസ ചെയ്ത് പാമ്പുകടിയേറ്റ പലരുടേയും ജീവൻ രക്ഷിക്കാൻ കന്നിമാരി എഴുത്തശ്ശൻ കുടംബത്തിന് കഴിഞ്ഞിരുന്നു. എഴുത്തശ്ശൻ കുടുംബം താമസിക്കുന്നത് പട്ടഞ്ചേരി പഞ്ചായത്തിലാണ്.

കിട്ടുമാൻ എന്ന ഒരു പ്രതിഭാധനന്റെ സ്മാരകമാണ് കിട്ടുമാൻ കോവിൽ എന്ന് പറയപ്പെടുന്നു. ചുട്ടകോഴിയെ മാനത്തു പറപ്പിച്ച മാന്ത്രികനും താന്ത്രികനുമായ കിട്ടുമാന്റെ തല ഒരു സ്ഥലത്തും ഉടൽ മറ്റൊരുസ്ഥലത്തും ഒരേ സമയം കാണുമായിരുന്നുവത്രെ. തല അയ്യം വീടു സ്ഥിതിചെയ്യുന്ന അയ്യംപതിക്കടുത്തും ഉടൽ കാതങ്ങൾക്കപ്പുറം അയ്യൻവീട്ടുചള്ളയിലും. സ്ഥലപ്പേരുകളിൽ നിന്നു തന്നെ അയ്യൻവീട്ടുകാരുടേയും കിട്ടുമാൻ എന്ന മാന്ത്രികന്റെയും ബന്ധം നിഗൂഢതയിൽ നിഴൽപോലെ അവ്യക്തമാകുന്നു.

വരിഷ്ഠപുരി ആശ്രമം സ്ഥിതിചെയ്യുന്നത് പട്ടഞ്ചേരിയിലെ ചോഴിയക്കാട് എന്ന സ്ഥലത്താണ്. പഞ്ചായത്തിന്റെ കിഴക്കൻഭാഗമായ കന്നിമാരിയിലാണ് ചരിത്രപ്രസിദ്ധമായ 'കന്നിമാരി തേക്ക്' സ്ഥിതി ചെയ്യുന്നത്. ഏഴു ദേവകന്യകമാർ ദിവസവും കന്നിമാരിയിലുള്ള ചമ്പക്കുളത്തിലേക്ക് കുളിക്കുവാൻ പോകുമ്പോൾ ഈ തേക്കിൻ ചുവട്ടിൽ കുറച്ചു സമയം ഇരുന്ന് വിശ്രമിക്കുക പതിവായിരുന്നു. തേക്ക് മുറിക്കുവാൻ ശ്രമിച്ചപ്പോൾ മരത്തിൽനിന്നും രക്തം വാർന്നു വന്നതായി പറയപ്പെടുന്നു. ഇതിന്റെ പശ്ചാതലത്തിൽ മേൽപറഞ്ഞ ഏഴു കന്യകമാരേയും തേക്കിൻ ചുവട്ടിൽ പ്രതിഷ്ഠിക്കുകയാണത്രെ ഉണ്ടായത്. തേക്ക് ആലിന്റെ ശിഖരങ്ങളാൽ മറയ്ക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ കോവിൽകെട്ടി നിത്യവും പൂജകൾ നടത്തിവരുന്നു.

ഭക്തിയുടെ വ്യാപ്തി കൂടി വന്നിട്ടുണ്ട്. സവർണ്ണർ മാത്രം പോയിരുന്ന അമ്പലങ്ങളിൽ ഇപ്പോൾ എല്ലാ ജാതിക്കാരും പോകുന്നുണ്ട്. മൃഗബലി, ദുർമന്ത്രവാദം എന്നിവ ഇല്ലാതായിട്ടുണ്ട്. പൂർണ്ണമായി നിർത്തലായിട്ടില്ല.

ലൈബ്രറി വിവര പട്ടിക.

| പേരുകൾ | അംഗങ്ങളുടെ എണ്ണം | സ്ഥാപിച്ച വർഷം | പുസ്തകങ്ങളുടെ സ്ഥലം എണ്ണം |
|---|---|---|---|
| 1.ഗ്രാമീണ ഗ്രന്ഥശാല- പട്ടഞ്ചേരി | 146 | 1942 | 7,014 |
| 2.യുവജന വായനശാല - ആറാംപാടം | | | |
| 3.സ്വശക്തി വായനശാല - ചോഴിയക്കാട് | | | |
| 4.യുവജന വായനശാല - പനങ്കാവ് | | 1968 | |
| 5.പ്രിയ ദർശിനി ക്ലബ്- ആറ്റാഞ്ചേരി | | | |
| 6.ഗ്രന്ഥശാല -വായനശാല - നന്ദിയോട് | 168 | 1993 | 1,152 |
| 7.ഉദയ മഹിളാസമാജം - പട്ടഞ്ചേരി | 40 | | |

1942ൽ ലളിതകലാ വായനശാലാ എന്ന പേരിൽ പട്ടഞ്ചേരിയിൽ (1) ശ്രീ A.V കൃഷ്ണൻ (2)ശ്രീജനാർദ്ദന മേനോൻ (3) ശ്രീ.ചാത്തുകുട്ടി (4) ശ്രീ.വിശ്വനാഥമേനോൻ (5) ശ്രീ.കറുപ്പൻ (6)ശ്രീ.ടി.കുമാരൻ (7) ശ്രീ.വിജയൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ തുടങ്ങി '' വില്ലേജ് ലൈബ്രറി ആന്റ് റീഡിങ്ങ് റൂം'' എന്ന് പിന്നീട് പേരുമാറ്റം വരുത്തി.

1956ൽ കേരളത്തിലെ മെച്ചപ്പെട്ട ലൈബ്രറികളിൽ ഒന്നായിരുന്നു ഗ്രാമീണ ഗ്രന്ഥശാല പട്ടഞ്ചേരി. സ്വാതന്ത്ര്യ സമര സേനാനികളായ (1)ശ്രീ.Y. ജനാർദ്ദന മേനോൻ (2)ശ്രീ.V. ബാലഗംഗാധരമേനോൻ (3)ശ്രീ ബി..ചന്ദ്രശേഖര മേനോൻ എന്നിവർ പട്ടഞ്ചേരിയിൽ ജനിച്ചുവളർന്നവരാണ്. കലാപരമായി അഭിമാനിക്കത്തക്ക കലയാണ് ''പറക്കൊട്ട്''. പുള്ളുവൻ മാരുടെ കളമെഴുത്തും പാട്ടും ഇന്നും നടത്തി വരുന്നുണ്ട്. മാങ്ങോട്ടിൽ ''പറവാദ്യം'' നടത്തുന്ന കലാകാരന്മാർ ഇപ്പോഴും ഉണ്ട്. ഇതു കൂടാതെ തായമ്പകയിൽ പ്രാവീണ്യം നേടിയ ചിലർ പണ്ടാരത്തറയിൽ ഉണ്ട്. നന്ദിയോട് കേന്ദ്രീകരിച്ച് ''പൊറാട്ട്'' കളി ഇന്നും സജീവമാണ്. ഈ കലകളിലെല്ലാം ''സ്ത്രീ'' പങ്കാളിത്തം വളരെ കുറവാണ്.

1940കളിൽ പട്ടഞ്ചേരി ചെങ്ങഴിയിൽ സിനിമാശാല പ്രവർത്തിച്ചുവന്നിരുന്നു. ''ബാർട്ടർ'' സമ്പ്രദായ പ്രകാരം നെല്ല് കൊടുത്ത് ടിക്കറ്റ് വാങ്ങിയിരുന്നു. ഇന്ന് പഞ്ചായത്തിൽ മൂന്ന് സിനിമാ ശാലകൾ ഉണ്ട്.

ഭൂരിഭാഗം ജനങ്ങളുടെ താൽപര്യം താണ നിലവാരം പുലർത്തുന്ന സിനിമകൾക്കാണ്. ഏകദേശം 10% വീടുകളിൽ മാത്രമേ ടി.വി. ഉള്ളൂ എങ്കിലും ജനപ്രീതി നേടിയ പലപരിപാടികളും 20%ത്തിലധികം ജനങ്ങൾ കാണുന്നുണ്ട്. പട്ടഞ്ചേരി പഞ്ചായത്തിൽ 9 ടി.വി. കിയോസ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

1936 ലാണ് പട്ടഞ്ചേരിയിൽ എക്സ്പിരിമെന്റൽ (Experimental Post Office) സ്ഥാപിച്ചത്. എന്നാൽ ഡോർ ഡെലിവറി(Door Delivery) സമ്പ്രദായം നിലവിലില്ലായിരുന്നു. അരംഗം അയ്യർ, കല്യാണ കൃഷ്ണയ്യർ, ചിന്നപ്പാറാവുത്തർ എന്നിവർ തപാൽ ഉരുപ്പടികൾക്കായി ദിവസേന കാര്യസ്ഥന്മാരെ പോസ്റ്റാഫീസ്സിലേക്ക് അയച്ചിരുന്നു.

പണ്ട് മേച്ചിൽ സ്ഥലങ്ങളും പറമ്പുകളും ഉണ്ടായിരുന്നപ്പോൾ അവ കളിസ്ഥലങ്ങളായി കുട്ടികൾ ഉപയോഗിച്ചിരുന്നു. എന്നാൽ ഇപ്പോൾ ആ സ്ഥലങ്ങളെല്ലാം കൃഷിയിടങ്ങളും പുരയിടങ്ങളുമായപ്പോൾ കളിസ്ഥലങ്ങളും കളിയും ക്രമേണ ഇല്ലാതായി. പ്രായഭേദമെന്യേ ടി.വിയിൽ കളി കാണുന്നതിനാണ് എല്ലാവർക്കും താൽപര്യം. പഞ്ചായത്തിന്റെ കളിസ്ഥലം ഉപയോഗയോഗ്യമല്ല. പട്ടഞ്ചേരി ഹൈസ്ക്കൂളിന്ന് മതിയായ കളിസ്ഥലം ഇല്ല. അതിനാൽ സ്ഥിരമായ കായിക മൽസരമോ , കായിക പരിശീലനമോ ഇല്ല. യൂത്ത് ക്ലബ് ഇടയ്ക്കിടക്ക് ടൂർണ്ണമെന്റ്

നടത്താറുണ്ട്. വണ്ടിതാവളത്ത് 'കരാട്ടെ' പരിശീലനം നടത്തി വരുന്നുണ്ട്. സാമ്പത്തിക അപര്യാപ്തതയാണ് കലാ സമിതികൾ നേരിടുന്ന മുഖ്യ പ്രശ്നം. പുസ്തകങ്ങളുടെ അമിത വില, അലമാരകളുടെ കുറവ്, സ്ഥിരം ലൈബ്രറിയന്റെ അഭാവം എന്നിവ ലൈബ്രറിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്നു.

ഗൗരവമായി വായിക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. മദ്ധ്യവർഗ്ഗക്കാരിൽ റേഡിയോ ശ്രോതാക്കളുടെ എണ്ണം കുറഞ്ഞും, ടി.വി പ്രേക്ഷകരുടെ എണ്ണം കൂടിയും വരുന്നുണ്ട്. ടി.വി പ്രേക്ഷകരുടെ കുടുംബ ബന്ധം സമ്മിശ്ര പ്രതികരണമാണ് ഉളവാക്കുന്നത്. സാധാരണഗതിയൽ ആശയ വിനിമയം കുറവായ കുടുംബാംഗങ്ങൾ ടി.വിയുടെ മുന്നിൽ ഒത്തുകൂടാറുണ്ട്.

കുടുംബാംഗങ്ങൾ തമ്മിൽ ആശയ വിനിമയം കൂടുതലായി നടത്തുന്ന വീടുകളിൽ ടി.വി. ഒരു പ്രതിബന്ധമാണ്. ലൈംഗീക സിനിമകളുടെ അതിപ്രസരം നാൾക്കുനാൾ വർദ്ധിച്ചു വരുന്നു. മദ്യ ലോബികളുടെ പിൻബലത്തോടെയുള്ള മൂലവെട്ടിയുടെ വ്യാപനവും, രാഷ്ട്രീയ പിൻബലത്തോടെ നടത്തിവരുന്ന ഗുണ്ടായിസവും യുവതലമുറയെ സാംസ്കാര അധഃപതനത്തിലേക്ക് തള്ളിവിടുന്നു.

ന്യൂ ഈയർ സെലിബ്രേഷൻ,ബർത്ത്ഡേ പാർട്ടി എന്നിവ മദ്യത്തിന്റെ മേളകളായി മാറുന്നു. വിവാഹ ചടങ്ങുകളിൽ സമ്പന്നർമാത്രം നടത്തിവരുന്ന ആർഭാടങ്ങൾ പലതും താഴെത്തട്ടിലേക്ക് വ്യാപിച്ചു കഴിഞ്ഞു.



# 9 വനിതാക്ഷേമം

പട്ടഞ്ചേരി പഞ്ചായത്തിലെ 1991 സെൻസസ് കണക്ക് അനുസരിച്ച് 11,950 സ്ത്രീകളും, 11,555 പുരുഷൻമാരുമാണ് ഉള്ളത്. അതായത് പുരുഷൻമാരെക്കാൾ 395 സ്ത്രീകൾകൂടുതലാണ്. എന്നാൽ ഇന്നും അവഗണനയുടെ ഭാരവും ഏറ്റിക്കൊണ്ടാണ് ഇന്നും ഗ്രാമീണ സ്ത്രീകളുടെ ജീവിതം. മിക്കവാറും വീടുകളുടെ ഭരണചുമതല സത്രീകളിൽ നിക്ഷിപ്തമാണെങ്കിലും സമൂഹത്തിൽ അതിനർഹിക്കുന്ന പ്രാതിനിധ്യം ലഭിക്കുന്നില്ല. ഈ പോരായ്മ എത്രയും പെട്ടെന്ന് നികത്തേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പെൺകുട്ടികൾ മുന്നേറികൊണ്ടിരിക്കുന്നു. ആൺകുട്ടികളോടൊപ്പം അവർ എത്തിയിരിക്കുന്നു. പഴയ കാലങ്ങളിൽ ചില പ്രത്യേക വിഭാഗം ജനങ്ങൾക്ക് വിദ്യാഭ്യാസം നിരസിച്ചിരുന്നു. ഇപ്പോൾ ആയത് മാറ്റപ്പെട്ടിരിക്കുന്നു.

മുൻകാലങ്ങളിൽ രോഗത്തിന്റെ കാര്യത്തിൽ സ്ത്രീയായിരുന്നു മുന്നിൽ. കാരണം അടിക്കടിയുള്ള പ്രസവം, വിശ്രമമില്ലാത്ത ജോലി,എന്നിട്ടും വിട്ടുമാറാത്ത ദാരിദ്ര്യം,ഇതിൽ നിന്നെല്ലാമുപരി പുരുഷനിൽനിന്നുള്ള പീഡനം. രോഗം വന്നാലും വിധിയെ ശപിച്ചുകൊണ്ട് ആശുപത്രിയിൽ പോകാതിരിക്കൽ, അന്ധവിശ്വാസത്തിന്റെ മൂർദ്ധന്യത - ഇവയെല്ലാം ആണ്.

വിദ്യാഭ്യാസം ഉണ്ടായിട്ടും കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടും മാറ്റപ്പെടാത്ത ചില സാമൂഹ്യ സാഹചര്യങ്ങൾ സ്ത്രീയെ വരുമാനമുണ്ടാക്കുന്ന ജോലികളിൽ ഏർപ്പെടുന്നതിന് അനുവദിക്കുന്നില്ല. ആയത് ഗ്രാമപ്രദേശങ്ങളിൽനിന്നും ഇന്നും മാറ്റപ്പെടാത്ത സങ്കുചിത മനഃസ്ഥിതിക്കാരായ പഴമക്കാരുടെ ഒരു വികലതയാണ്. ഇതിനുവേണ്ടി പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും സ്ത്രീകളെ ബോധവതികൾ ആക്കുന്നതിനുള്ള നിരന്തര ക്ലാസുകൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

കാർഷിക മേഖലകളിൽ സ്ത്രീയുടേയും പുരുഷന്റെയും അനുപാതം കുറഞ്ഞുകൊണ്ടിരിക്കുന്നു. മറ്റു തൊഴിൽ മേഖലകളിൽ-കെട്ടുപണി,കരിങ്കൽപ്പണി, കോൺക്രീറ്റ് ,റോഡുപണി,അങ്ങിനെ വിവിധ തുറകളിൽ സ്ത്രീകളുടെ എണ്ണമാണ് പുരുഷനേക്കാൾ കൂടുതൽ . വർദ്ധിച്ചുവരുന്ന കൂലിനിരക്കാണ് ഇത്തരം മേഖലകളിലേക്ക് സ്ത്രീയെ ആകർഷിക്കുന്നത്. പരമ്പരാഗത കൈതൊഴിലുകളിൽ കൂടുതലും പുരുഷന്മാരാണ്. മുൻപ് പറഞ്ഞപോലെ സ്ത്രീയെ അടുക്കള അടിമത്തത്തിൽ നിന്നും മോചിപ്പിക്കുവാൻ പുരുഷനുള്ള വൈമനസ്യം.

എല്ലാ പ്രധാനപ്പെട്ട തുറകളിലും കൂലിയിൽ വലിയ വ്യത്യാസം കാണപ്പെടുന്നു. ജോലി കൂടുതൽ സ്ത്രീക്കും- വേതനം കൂടുതൽ പുരുഷനും. ഇതിൽ സ്ത്രീ പ്രതികരിക്കുന്നില്ല എന്നതാണ് സത്യം. അവിടെയാണ് സ്ത്രീയുടെ വിധേയത്വം പ്രകടമാകുന്നത്.

സ്ത്രീയുടെ പ്രധാനജോലി മുൻകാലങ്ങളിൽ കണക്കാക്കിയിരിക്കുന്നത് - വംശവർദ്ധന-പാചകം- കുഞ്ഞുങ്ങളെ പരിപാലിക്കുക എന്നതു മാത്രമാണെന്നാണ്. പട്ടഞ്ചേരി പഞ്ചായത്തിൽ 23 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. DWCRA യൂണിറ്റുകൾ വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട് . ആയതിന് ഗ്രാമ വികസന വകുപ്പിന്റെ അടിക്കടിയുള്ള നിർദ്ദേശങ്ങൾ തരുന്നതിൽ V.E.O,L.V.E.Oമാരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. വനിതകളാൽ നടത്തപ്പെടുന്ന കറി പൗഡർ യൂണിറ്റ് , സോപ്പു നിർമ്മാണ യൂണിറ്റ് പ്രോത്സാഹനം അർഹിക്കുന്നവയാണ്. ഈ പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ പ്രവർത്തിക്കുന്ന - സ്ത്രീകൾമാത്രം ജോലിചെയ്യുന്ന- പവർലൂം ഫാക്ടറി വളരെയധികം പുരോഗതിയിലേക്ക് കടന്നിരിക്കുന്നു. ഇവ കൂടാതെ തുന്നൽ പരിശീലനത്തിന്റെ മൂന്നു യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

പട്ടഞ്ചേരി പഞ്ചായത്തിൽ ഭരണനേതൃത്വത്തിൽ പിന്നോക്ക പ്രാതിനിധ്യമാണ് കൂടുതൽ ഉള്ളത്. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി.സി.ഭാഗ്യവതി പട്ടികജാതിയിൽപ്പെട്ടവരാണ്. വനിതാ വാർഡായ പതിനൊന്നിൽ പട്ടികജാതി വനിതയും , മറ്റൊരു വനിതാ വാർഡായ മൂന്നിൽ മുസ്ലീം വനിതയും , വനിതാ പട്ടികജാതി സംവരണ സീറ്റായ നാലിലെ വനിതയും - ആകെ നാല് വനിതകൾ.

ഈ പഞ്ചായത്തിൽ ഓരോ അംഗൻവാടികളുടെ കീഴിലും റജിസ്റ്റർ ചെയ്ത ഓരോ മഹിളാസമാജങ്ങളും , കൂടാതെ റജിസ്റ്റർ ചെയ്ത എട്ട് മഹിളാ സമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. വിവിധ തരത്തിലുള്ള ബോധവൽക്കരണ ക്ലാസുകൾ, വ്യവസായ ക്ലാസുകൾ എന്നിവയെല്ലാം മഹിളാ സമാജങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നു.

സ്ത്രീ പീഡനം കാര്യമായി ഇല്ലെങ്കിലും ഒട്ടും കുറവല്ല. ഈ കാര്യത്തിൽ ഗവർമെണ്ടിന്റെ നിരോധനാജ്ഞ കർശനമായി നടപ്പാക്കേണ്ടിയിരിക്കുന്നു. സ്ത്രീ പീഡനം - അശ്ലീല ചിത്രീകരണം എന്നിവക്കെതിരെ സ്ത്രീ മാത്രം പ്രതികരിച്ചാൽ മാറ്റപ്പെടുവാൻ സാധിക്കാത്തവ ആയതിനാൽ ഗവർമെന്റ് ഭാഗത്തുനിന്ന് കർശനമായ നിയമനിർമ്മാണം നടപ്പാക്കിയാൽ മാത്രമേ സ്ത്രീയെ മേൽപ്പറഞ്ഞവയിൽനിന്നുംരക്ഷിക്കുവാൻ സാധിക്കു കയുള്ളൂ. ഈ പഞ്ചായത്തിലെ സ്ത്രീകളുടെ ഉന്നമനമായ പ്രവർത്തനങ്ങൾക്ക് പുരുഷന്മാരുടെ എല്ലാ വിധമായ സഹായ സഹകരണങ്ങളും പ്രതീക്ഷിക്കുന്നു.

| വാർഡ് | അംഗൻ വാടികളുടെ സ്ഥലവും നമ്പരും | | കെട്ടിടം ഇല്ലാത്തവ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളവ | |
|---|---|---|---|---|---|---|
| Ward I 1. | കൊച്ചിക്കാട് | 150 | ഇല്ല | 36 | ----- | |
| 2. | കുറ്റിക്കൽചള്ള | 97 | ഇല്ല | 34 | ----- | |
| Ward II 1. | പാറക്കാട്ടുചള്ള | 100 | ----- | 26 | ഉണ്ട് | |
| 2. | ചെട്ടിയാർചള്ള | 99 | ഇല്ല | 18 | ----- | |
| Ward III 1. | അയ്യൻവീട്ടുചള്ള | 101 | ----- | 19 | ഉണ്ട് | |
| 2. | ചോഴിയക്കാട് | 102 | ----- | 21 | ഉണ്ട് | |
| 3. | ഇടയൻ കുളമ്പ് | 130 | ഇല്ല | 24 | ----- | |
| Ward IV 1. | ചേന്തോണി | 103 | ഇല്ല | 16 | ----- | |
| 2. | പട്ടഞ്ചേരി | 104 | ----- | 36 | ഉണ്ട് | |
| 3 | അണക്കാട് | 149 | ഇല്ല | 25 | ----- | |
| Ward V 1. | പൂളക്കാട് | 105 | ഇല്ല | 13 | ----- | |
| Ward VI 1. | കരിപ്പാലി | 106 | ഇല്ല | 18 | ----- | |
| Ward VII 1. | വിളക്കനാംകോട് | 107 | ഇല്ല | 18 | ----- | |
| 2. | പനങ്കാവ് | 108 | ഇല്ല | 15 | ----- | |
| Ward VIII 1. | ആറ്റാഞ്ചേരി | 109 | ----- | 36 | ഉണ്ട് | |
| 2. | കുറ്റിക്കാട് | 110 | ഇല്ല | 22 | ----- | |
| Ward IX 1. | ആറാമ്പാടം | 112 | ----- | 32 | ഉണ്ട് | |
| 2. | അമ്പാട്ടു പറമ്പ് | 111 | ----- | 37 | ഉണ്ട് | |
| 3. | കാവിൽക്കളം | 128 | ----- | 34 | ----- | |
| Ward X 1 | മേട്ടുക്കട | 113 | ----- | 36 | ഉണ്ട് | |
| 2 | വലിയ കരിപ്പാലി (വടകര IHDP കോളനി) | 114 | ഇല്ല | 13 | ----- | |
| Ward XI 1. | തരകൻചള്ള | 98 | ഇല്ല | 11 | ----- | |
| 2. | കവറത്തോട് | 116 | ഇല്ല | 23 | ----- | |

# 10 സഹകരണം

പഞ്ചായത്തിന്റെ കീഴിൽ Reg No.416, ഗ്രാമോദ്ധാരണ പരസ്പര സഹായസഹകരണസംഘം നിലവിലുണ്ടായിരുന്ന.. ഏതാണ്ട് മൂന്നു വർഷം സംഘം പ്രവർത്തിച്ചു. അഴിമതിയും കെടുകാര്യസ്ഥതയും മൂലം സംഘം നാമാവശേഷമായി. പ്രസ്തുതസംഘത്തിന്റെ ആസ്തിയായുള്ള സ്ഥലം പഞ്ചായത്തിന്റെയാണോ നിലവിലുള്ള സഹകരണസംഘത്തിന്റെയാണോ എന്ന തർക്കം തുടരുന്നു.

14-12-1961ൽ റജിസ്റ്റർചെയ്ത No.58, പട്ടഞ്ചേരി സർവ്വീസ് സഹകരണബാങ്ക് 15-1-1962ൽ ബാങ്കിംഗ് പ്രവർത്തനം ആരംഭിച്ചു. പലതരം വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കി . 1968വരെ റേഷൻ വിതരണത്തിന്റെ ചുമതലയും ബാങ്കിനുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ ബാങ്ക് ലാഭത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. 1980നു ശേഷം ബാങ്കിന്റെ പ്രവർത്തനം നഷ്ടത്തിലാണ്. 7235 മെമ്പർമാർ ഇന്നു നിലവിലുണ്ട്. ബാങ്കിന്റെ ബ്രാഞ്ച് നന്ദിയോട്ടിൽ പ്രവർത്തിച്ചുവരുന്നു. തത്തമംഗലം വില്ലേജിലുള്ളവരുടെ സഹകരണബാങ്ക് തത്തമംഗലം സഹകരണ ബാങ്കാണ്.

പഞ്ചായത്തിൽ അഞ്ച് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു.

1. നന്ദിയോട്
2. പട്ടഞ്ചേരി
3. കൊശവൻകോട്
4. തണ്ണീർപ്പന്തൽ
5. ആറ്റാഞ്ചേരി

ആനന്ദ് മാതൃകാസംഘങ്ങൾ ആയതുകൊണ്ട് പാൽ വിപണനത്തിന് ബുദ്ധിമുട്ട് ഇല്ല.

കരിപ്പാലിയിൽ പ്രവർത്തിച്ചിരുന്ന പുൽപ്പായ നെയ്ത് സഹകരണസംഘം ഇപ്പോൾ പ്രവരത്തനരഹിതമാണ്.

പഞ്ചായത്തിൽ പട്ടികജാതി സഹകരണസംഘങ്ങൾ മൂന്നെണ്ണം പ്രവർത്തിയ്ക്കുന്നുണ്ട്.

1.ഗാന്ധിജി സ്മാരക പട്ടികജാതി സഹകരണസംഘം പട്ടഞ്ചേരി.
2.പട്ടികജാതി വനിത കറിപൗഡർ നിർമ്മാണ യൂണിറ്റ്-ആറ്റാഞ്ചേരി
3.പട്ടികജാതി വനിത സോപ്പ് നിർമ്മാണ യൂണിറ്റ് -കുറ്റിക്കാട്

| പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|
| 1. മാനേജ്മെന്റിന്റെ കാര്യക്ഷമതയില്ലായ്മ | 1 പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം ഭരണസമിതിക്കും ജീവനക്കാർക്കും അത്യാവശ്യമാണ്. |
| 2.ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവം | 2.ജീവനക്കാർക്ക് റിഫ്രഷർ കോഴ്സുകൾ നൽകേണ്ടതാണ്. |
| 3. സങ്കുചിതമായ കക്ഷിരാഷ്ട്രീയം കടന്നു കയറ്റം | 3.സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കണം. |
| 4. അഴിമതി,സ്വജനപക്ഷപാതം,ദുർവ്യയം | 4.ഉൽപ്പാദക സഹകരണ സംഘങ്ങളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക. |
| 5.സാങ്കേതിക നവീകരണത്തിന്റെ അഭാവം | 5.മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കുക. |
| | 6.സഹകരണ ബാങ്കിന്റെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുക. |
| | 7.ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ ആരംഭിക്കുക. |
| | 8.ജനറൽ ബോഡികൾ ചടങ്ങാക്കാതെ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതാണ്. |

# 11 പട്ടികവിഭാഗ ക്ഷേമം

പഞ്ചായത്തിൽ 22 പട്ടികജാതി കോളനികളും 3 പട്ടിക വർഗ്ഗ സങ്കേതങ്ങളും ഉണ്ട്. പട്ടികജാതിക്കാരിൽ പരമ്പരാഗത തൊഴിൽ ചെയ്യുന്നവർ നെടുമ്പളം ,മുട്ടിചിറ, പാലോട് എന്നി പ്രദേശങ്ങളിലെ കവറസമുദായത്തിലെ ചിലർ മാത്രമാണ്. മറ്റു വിഭാഗങ്ങളിൽ ബഹുഭൂരിപക്ഷവും കർഷകതൊഴിലാളികളാണ്. കുറച്ചുപേർ കർഷകരണ്. സർക്കാർ ജീവനക്കാരും കച്ചവടക്കാരും എണ്ണത്തിൽ കുറ വാണ്. ഭവനനിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പട്ടികവിഭാഗക്കാരുടെ എണ്ണം കൂടി വരുന്നുണ്ട്. പുതിയ തലമുറയിലുള്ളവരിൽ അധികംപേരും പഞ്ചായത്തിനുവെ ളിയിൽ ജില്ലയോ,സ്റ്റേറ്റോമാറി തൊഴിൽ ചെയ്യുന്നവരാണ്.

സംസ്ക്കാരികമായും, വിദ്യാഭ്യാസപരമായും തൊഴിൽപരമായും സമീപസ്ഥലങ്ങളായ പഞ്ചായത്തുകളിലെ പട്ടികവിഭാഗങ്ങളെ അപേക്ഷിച്ച് പട്ടഞ്ചേരിക്കാർ മുന്നിലാണ്. ആകെ ജനസംഖ്യയുടെ 15% പട്ടിക ജാതിക്കാരാണ്. സ്ക്കൂളിലെ വിദ്യാർത്ഥികളിൽ 20% പട്ടിക ജാതിക്കാരാണ്. അന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും സ്വാധീനം വളരെയേറെ കുറഞ്ഞു കഴിഞ്ഞു. ദാരിദ്ര്യം,പട്ടിണിമരണം എന്നിവ ഇല്ല. വിദ്യാഭ്യാസപരമായി മറ്റുവിഭാഗക്കാരുമായി തുലനം ചെയ്യത്തക്ക വിധത്തിലാണ്. തൊഴിൽപരമായി പിന്നോക്കാവസ്ഥ ഒട്ടും ഇല്ല. സാമൂഹ്യ ഉച്ചനീചത്തങ്ങൾ കുറവാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ മദ്ധ്യവർത്തികൾ ചൂഷണം ചെയ്യുന്നില്ല.

പട്ടികവർഗ്ഗങ്ങൾ പഞ്ചായത്തിൽ മൂന്നു സങ്കേതങ്ങളിലായി താമസിക്കുന്നു.

(1) കൊച്ചിക്കാട്
(2) തൊട്ടിച്ചിപതി
(3) രാജീവ് നഗർ

കർഷകരുടെ എണ്ണം നാമമാത്രമായി. കർഷക തൊഴിലാളികളാണ് കൂടുതൽ. അന്ധ വിശ്വാസത്തിന്റെയും അനാചാരത്തിന്റെയും സ്വാധീനം കുറഞ്ഞുവരുന്നുണ്ട്. പ്രാഥമികവിദ്യാഭ്യാസം ലഭിക്കാത്തവരാണ് മുതിർന്ന തലമുറയിലുള്ളവർ.

ഈ മേഖല മുഴുവനും തമിഴ്നാട് അതിർത്തിയോട് ചേർന്നുകിടക്കുന്നു. പണ്ട് വനമായിരുന്നു. ഇപ്പോൾ കൃഷിഭൂമിയാണ്. ഇവർ ആധുനിക ജീവിതരീതിയുമായി പൊരുത്തപ്പെട്ടു വരുന്നുണ്ട്. വിദ്യാഭ്യാസപരമായി മുന്നേറുന്ന പക്ഷം സാമൂഹ്യവും സാമ്പത്തികവും സാംസ്ക്കാരികവും ആയി ഒരു കുതിച്ചുചാട്ടം ഇവരിൽനിന്നും പ്രതീക്ഷിക്കാം.

പട്ടികജാതി പട്ടികവർഗ്ഗങ്ങളിലെ മദ്യാസക്തി മറ്റുവിഭാഗങ്ങളിലേതിനേക്കാൾകൂടുതലാണ്. ഇവരുടെ പുരോഗതിയെ പുറകോട്ടു വലിക്കുന്നതിൽ മദ്യാസക്തിക്ക് മുഖ്യപങ്കുണ്ട്.

| വാർഡുകൾ | | സ്ഥലത്തിൻെറ പേര് | കുടുംബാംഗ-ങ്ങളുടെ എണ്ണം | കുടി വെള്ളം | റോഡ് | ഓട്ടുപുര | ഓലപ്പുര | വൈദ്യുതി |
|---|---|---|---|---|---|---|---|---|
| I | 1 | കൊച്ചിക്കാട് (എസ്.ടി കോളനി) | 19 | ഉണ്ട് | ഉണ്ട് | 11 | 8 | |
| II | 1 | പതിക്കാട്ടുചള്ള | 13 | ഉണ്ട് | ഉണ്ട് | 7 | 6 | ഉണ്ട് |
| | 2 | പാറക്കാട്ടു ചള്ള | 12 | ഉണ്ട് | ഉണ്ട് | 5 | 7 | |
| III | 1 | മീരാൻ ചള്ള | 22 | ഉണ്ട് | ഉണ്ട് | 20 | 2 | ഉണ്ട് |
| | 2 | പാലക്കൊളുമ്പ് | 14 | ഇല്ല | ഇല്ല | 5 | 9 | ഇല്ല |
| | 3 | പാപ്പാമ്പള്ളം | 14 | ഉണ്ട് | ഇല്ല | 10 | 4 | ഇല്ല |
| | 4 | ആഴ്ച്ചിറ | 28 | ഉണ്ട് | ഉണ്ട് | 20 | 8 | ഉണ്ട് |
| | 5 | പുള്ളിങ്കാവ് | 20 | ഉണ്ട് | ഉണ്ട് | 15 | 5 | ഇല്ല |
| IV | 1 | കോരംപുള്ളി | 15 | ഉണ്ട് | ഇല്ല | 13 | 2 | ഇല്ല |
| | 2 | നാവുക്കോട് | 14 | ഉണ്ട് | ഇല്ല | 12 | 2 | ഇല്ല |
| | 3 | ചേന്തോണി | 14 | ഉണ്ട് | ഉണ്ട് | 13 | 1 | ഉണ്ട് |
| V | 1 | പാലക്കോട് | 10 | ഉണ്ട് | ഇല്ല | 10 | --- | ഉണ്ട് |
| | 2 | നെടുംമ്പള്ളം | 29 | ഉണ്ട് | ഉണ്ട് | 26 | 3 | ഉണ്ട് |
| VII | 1 | അനുഭവകൊളുമ്പ് | 18 | ഉണ്ട് | ഉണ്ട് | 15 | 3 | ഇല്ല |
| | 2 | വിളക്കനാംകോട് | 15 | ഉണ്ട് | ഉണ്ട് | 12 | 3 | ഇല്ല |
| | 3 | ഒറവ് | 28 | ഉണ്ട് | ഇല്ല | 18 | 10 | ഉണ്ട് |
| VIII | 1 | മാങ്ങോട് | 11 | ഉണ്ട് | ഇല്ല | 9 | 2 | ഇല്ല |
| | 2 | പള്ളത്താംപുള്ളി | 18 | ഉണ്ട് | ഉണ്ട് | 15 | 3 | ഇല്ല |
| | 3 | അയ്യാംപതി | 16 | ഉണ്ട് | ഉണ്ട് | 14 | 2 | ഉണ്ട് |
| | 4 | ആറ്റാഞ്ചേരി | 30 | ഉണ്ട് | ഉണ്ട് | 17 | 13 | ഉണ്ട് |
| | 5 | പാലോട്-മാടശ്ശേരി | 45 | ഉണ്ട് | ഇല്ല | 35 | 10 | ഇല്ല |
| IX | 1 | താമരത്തുളമ്പ് | 18 | ഉണ്ട് | ഉണ്ട് | 18 | --- | ഇല്ല |
| | 2 | അമ്പാട്ടുപറമ്പ് | 17 | ഉണ്ട് | ഉണ്ട് | 17 | --- | ഉണ്ട് |
| | 3 | പറക്കോട് | 20 | ഉണ്ട് | ഉണ്ട് | 15 | 5 | ഇല്ല |
| X | 1 | വടകര-കരിപ്പാലി | 25 | ഉണ്ട് | ഉണ്ട് | 16 | 9 | ഉണ്ട് |
| | 2 | പീടികക്കോട് | 25 | ഉണ്ട് | ഉണ്ട് | 15 | 10 | ഉണ്ട് |

# 12 വിഭവ സമാഹരണം

പഞ്ചായത്തിന് വരുമാനത്തേക്കാൾ ചെലവാണ് കൂടുതൽ. പഞ്ചായത്തിലെ സഹകരണബാങ്കും നഷ്ടത്തിലാണ് പ്രവർത്തിയ്ക്കുന്നത്. ഒരു സ്വകാര്യബാങ്കും ഒരു സ്വകാര്യ ധനകാര്യസ്ഥാപനവും പഞ്ചായത്തിൽ ഉണ്ട്. റജിസ്റ്റർ ചെയ്ത ഒരു ട്രസ്റ്റും ഉണ്ട്.

**പഞ്ചായത്തിന്റെ 1995-96 ലെ വരവ് ചെലവ് കണക്ക്**

| | ഇനം | പിരിച്ചത് |
|---|---|---|
| 1 | കെട്ടിടനികുതി | 124419.09 |
| 2 | സർവ്വീസ് ചാർജ് | 60429.41 |
| 3 | തൊഴിൽ നികുതി | 108735.00 |
| 4 | വിനോദ നികുതി | 201552.00 |
| 5 | അഡി-വിനോദ നികുതി | 122182.00 |
| 6 | പ്രദർശന നികുതി | 6718.00 |
| 7 | പ്രദർശന നികുതിയിൻമേലുള്ള സർചാർജ് | 1679.50 |
| 8 | ചന്ത വരവ് | 6250.00 |
| 9 | ലൈസൻസ് ഫീസ് | 15884.50 |
| 10 | വസ്തു കൈമാറ്റ നികുതി 75% | 113179.00 |
| 11 | വസ്തു കൈമാറ്റ നികുതി 25% | 50000.00 |
| 12 | സർക്കാർ ഗ്രാന്റ്കളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 14800.00 |
| 13 | ഡെപ്പോസിറ്റ് | 12199.40 |
| 14 | മറ്റുള്ളവ | 1587916.30 |
| | | |
| | | |
| | ആകെ | 1425944.20 |

**ചെലവ് സംബന്ധിച്ച വിവരങ്ങൾ**

| | ഇനം | തുക |
|---|---|---|
| 1 | ഭരണം | 592054.00 |
| 2 | പൊതുമരാമത്ത് | 57471.00 |
| 3 | വിദ്യാഭ്യാസം | 20038.00 |
| 4 | ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 85266.00 |
| 5 | തെരുവു വിളക്കുകൾ കത്തിക്കുന്നത് | 85349.00 |
| 6 | മറ്റുള്ളവ | 721934.50 |
| | | |
| | ആകെ | 1562112.50 |

**പൊതു സാമ്പത്തിക നില**

| | പൊതു കണക്ക് | മൂലധനക്കണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| വരവ് | 1425944.20 | 478865.97 | ----- |
| ചിലവ് | 1565303.50 | | |

# ഉപസംഹാരം

ജനകീയാസൂത്രണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായ വികസന സെമിനാറിൽ അവതരിപ്പിക്കുന്നതിനാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. പട്ടഞ്ചേരി പഞ്ചായത്തിന്റെ മാത്രം കാര്യങ്ങൾ ഉൾക്കൊള്ളിക്കുവാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പട്ടഞ്ചേരിയുടെ മാത്രമുള്ള സ്ഥിതിവിവരണക്കണക്കുകൾ പലതും ലഭ്യമല്ല. പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ചന്തകൾ, സ്കൂളുകൾ,ആശുപത്രികൾ ബാങ്കുകൾ,റേഷൻ കടകൾ,വൈദ്യുതിവിതരണസംവിധാനം, മൃഗാശുപത്രി മുതലായവ പട്ടഞ്ചേരി, പെരുമാട്ടി,മുതലമട,വടവന്നൂർ എന്നീ പഞ്ചായത്തു നിവാസികളുടെയെല്ലാം ആവശ്യങ്ങൾ നിറവേറ്റുന്നവയാണ്. തത്തമംഗലം വില്ലേജിലുള്ളവർ പല കാര്യങ്ങൾക്കും മുനിസിപ്പാലിറ്റിയുമായി നിരന്തര സമ്പർക്കം പുലർത്തുന്നവരാണ്. പഞ്ചായത്തിന്റെ മാത്രം കണക്കുലഭിക്കുവാൻ ഒരു സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തിയേ മതിയാവൂ.

പ്രതിപാദനരീതി ആവുംവിധം ലളിതമാണ്. സെമിനാറിൽ പങ്കെടുക്കുന്ന വിദഗ്ധരുടെയും സാമൂഹ്യ പ്രവർത്തകരുടെയും വിശദമായ ചർച്ചയ്ക്കായി ഞങ്ങൾ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു. റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സഹകരിച്ച എല്ലാവരോടും നന്ദി പ്രകാശിപ്പിക്കുവാൻ ഈ അവസരം ഉപയോഗിക്കുന്നു.

ഭാരതമെന്നു കേട്ടാൽ
അഭിമാന പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാൽ
തിളക്കണം ചോര ഞരമ്പുകളിൽ

വള്ളത്തോൾ

## ജയ് ഹിന്ദ്



മൂലത്തറ വില്ലേജ്
തമിഴ്നാട്
പട്ടഞ്ചേരി ഗ്രാമ പഞ്ചായത്ത്
ചിറ്റൂർ പുഴ
തത്തമംഗലം മുനിസിപ്പാലിറ്റി
പെരുമാട്ടി പഞ്ചായത്ത്
മുതലമട പഞ്ചായത്ത്
വടവന്നൂർ പഞ്ചായത്ത്
പുതുനഗരം പഞ്ചായത്ത്
തത്തമംഗലം മുനിസിപ്പാലിറ്റി
N
SCALE: 1: 40000
വാർഡ് 1
വാർഡ് 2
വാർഡ് 3
വാർഡ് 4
വാർഡ് 5
വാർഡ് 6
വാർഡ് 7
വാർഡ് 8
വാർഡ് 9
വാർഡ് 10
വാർഡ് 11



ശ്രീമതി. ഷൈല
മെമ്പർ



ശ്രീ. എ.ഗോപാലൻ
മെമ്പർ



ശ്രീ. വി. വി. മനോഹരൻ
മെമ്പർ



ശ്രീ. എൽ. മണി
മെമ്പർ



ശ്രീ. കെ. മധു
മെമ്പർ



കുമാരി. പാർവ്വതി
മെമ്പർ